# ബഥേൽ പത്രിക

വാല്യം 8 ജനുവരി 1995 ലക്കം 1

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്കു സമാധാനം"

ലൂക്കോസ് 2:14



പരിശുദ്ധ ബസ്സേലിയോസ്
ഗീവർഗീസ് ദ്വിതീയൻ
കാതോലിക്കാ ബാവ

ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

ജനുവരി 1995



**രക്ഷാധികാരി**

**നി. വ. ദി. ശ്രീ.**
**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. റ്റി. ജെ. മാത്യു (ചീഫ് എഡിറ്റർ)

**സർക്കുലേഷൻ മാനേജർ**
എം. എ. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം

ശിശു സഹദേന്മാർ
—പി. എം. ചാക്കോ

പരിശുദ്ധിയുടെ പടവുകൾ
—ഡീ. ഐപ്പ് പി സാം

കണ്ണിലെ കൃഷ്ണമണി പോലെ കാക്കും
—ജോയി നെടുമ്പറമ്പിൽ

ക്രൈസ്തവ ലോകത്തെ പാത്രിയർക്കീസുമാർ
- വർഗീസ് ജോൺ തോട്ടപ്പുഴ

ബൈബിൾ ക്വിസ്
—ജോർജ്കുഞ്ഞ്

ശൗലിന്റെ മാനസാന്തരം
- വി. വർഗീസ്

ഇരുളും നിഴലും
ഫാ. ജോൺ തോമസ്

ഭദ്രാസന വാർത്തകൾ

ബാലപത്രിക
—ആനിച്ചേച്ചി

അനന്തമായ യാത്ര
—ആല


## ഇടയലേഖനം

വാത്സല്യമക്കളെ

പരിശുദ്ധ സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം നാമും അഭിവന്ദ്യ ഐറേനിയസ് തിരുമേനിയും അമേരിക്കൻ ഭദ്രാസനത്തിൽ നിലവിലുള്ള ആഭ്യന്തര പ്രശ്നങ്ങളുടെ പരിഹാരത്തിനായി ശ്രമിക്കുകയായിരുന്നുവല്ലോ. ഡിസംബർ 15 ന് ശേഷം നാം അബുദാബിയിലെത്തി. അബുദാബി സെന്റ് ജോർജ് ഇടവകാംഗങ്ങൾ മുൻ വികാരികൂടിയായ നമ്മെ അത്യന്തം ആഹ്ളാദത്തോടുകൂടിയാണ് വരവേറ്റത്: ഇവിടുത്തെ താമസത്തിനിടയിൽ നമ്മുടെ ശ്രദ്ധയെ വളരെക്കൂടുതൽ ആകർഷിച്ച ഒരു വസ്തുത നിങ്ങളുടെ ചിന്തയ്ക്ക് വിഷയീഭവിപ്പിക്കുവാനാണ് ഇത്തരുണത്തിൽ നാം ശ്രമിക്കുന്നത്.

ഇവിടുത്തെ രാജവീഥിയിലൂടെയുള്ള സഞ്ചാരത്തിനിടയിൽ പാതയോരത്തായി പല ഭാഗങ്ങളിലും ഒരു ആശംസാവാക്യം എഴുതിയിട്ടുണ്ട് അത് ഇതാണ്. "Peace unto you" (നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ) മുസ്ലീമങ്ങൾ ലോകത്തെവിടെ ആയാലും പരസ്പരം കണ്ടുമുട്ടുമ്പോൾ അറബിഭാഷയിൽ ഇതേ അർത്ഥം വരുന്ന 'അസലാമു അലൈക്കും' എന്ന് ആദ്യത്തെയാൾ ഉച്ചരിക്കും പ്രതിവാക്യമായി 'അലൈക്കും അസലാം' (സമാധാനം നിങ്ങൾക്കും ഉണ്ടാകട്ടെ) ഉരുവിടും.

എത്ര സുന്ദരവും അർത്ഥസമ്പുഷ്ടവുമായ ആശംസയാണിത്. എല്ലാമതങ്ങളും ഉറപ്പായി വിശ്വസിക്കുന്നത് ജഗന്നിയന്താവായ ദൈവത്തിൽക്കൂടിയല്ലാതെ ശാശ്വതസമാധാനം സാധ്യമാകയില്ലെന്നാണ്. സമാധാനപ്രഭുവായ നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ നാമെല്ലാം ആഘോഷിച്ചു. ഒരു പുതിയ വർഷത്തിലേക്ക് ലോകം കടന്നിരിക്കുന്നു. വിവിധ കാരണങ്ങളാൽ അസമാധാനത്തിന്റെയും വിദ്വേഷത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും താളുകളിൽക്കൂടിയാണ് ലോകം കടന്നുപോകുന്നത് ലോകം തരുന്ന സമ്പത്തിനും അധികാരങ്ങൾക്കും വേണ്ടിയുള്ള പരക്കംപാച്ചിലല്ലേ നാമെവിടെയും കാണുന്നത്. ദൈവവിശ്വാസത്തിലധിഷ്ഠിതമായ കർത്തൃകല്പനകളിൽ വേരൂന്നിയ ഒരു ജീവിതത്തിൽക്കൂടി മാത്രമേ ശാശ്വതവും യഥാർത്ഥവുമായ സമാധാനം സ്ഥാപിക്കുവാൻ സാധ്യമാകൂ അവൻ നിന്റെ ദേശത്തു സമാധാനം വരുത്തും (സങ്കീ 14-7:14).

മറ്റൊരുവന് സമാധാനവും ക്ഷേമൈശ്വര്യങ്ങളും ആശംസിക്കണമെങ്കിൽ സ്വാർത്ഥരഹിതവും നിർമ്മലവുമായ ഒരു മനസ്സ് അത്യന്താപേക്ഷിതമാണ്. നിർമ്മല മനസ്സ് സാധ്യമാകുവാൻ

മനസ്സിലെ കളങ്കമെല്ലാം കഴുകിക്കളയേണം. മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നാമൊക്കെ എത്രയെത്ര പാപങ്ങളാണ് ചെയ്തുകൂട്ടുന്നത്. കൂദാശകളിൽ അധിഷ്ടിതമായ ജീവിതം നയിക്കണം. ആത്മനിയന്ത്രണം പാലിക്കുവാൻ നിഷ്കർഷ ഉണ്ടായിരിക്കണം. ഉറച്ച തീരുമാനങ്ങൾ എടുക്കുവാനുള്ള ആത്മബലം നമുക്ക് ഉണ്ടായിരിക്കണം. എങ്കിൽ മാത്രമെ നമുക്ക് നിർമ്മല മാനസർക്കു മാത്രമെ മററുള്ളവർക്ക് സമാധാനം ആശംസിക്കുവാൻ കഴിയൂ. "എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ചു നീതി എന്ന ഫലം കൊയ്യും. (യാക്കോ 3:18)

മററുള്ളവർക്ക് സമാധാനം ആശംസിക്കണമെങ്കിൽ നമ്മുടെ മനസ്സിലും സമാധാനം ഉണ്ടായിരിക്കണം. ഇന്ന് മനുഷ്യമാനസത്തിലും കുടുംബത്തിലും സമൂഹത്തിലും ഇന്ന് സമാധാനം ഇല്ലാതിരിക്കുകയാണ്. സമാധാന പ്രഭുവിനെ അവഗണിച്ച് ലോക ഇമ്പങ്ങളുടെ പിന്നാലെ പോയ മാനവസമൂഹം ഇന്ന് സമാധാനത്തിനായി കേഴുകയാണ്. "അവൻ ദോഷം വിട്ടകന്ന് ഗുണം ചെയ്കയും സമാധാനം അന്വേഷിച്ച് പിന്തുടരുകയും ചെയ്യട്ടെ." (1 പത്രോസ് 3:11) സമാധാനത്തിന്റെ ആശംസകൾ കൈമാറുവാൻ സമാധാനത്തിന്റെ തിരിനാളം കത്തിച്ചുവെയ്ക്കുവാൻ സമാധാനം കുടുംബത്തിലും സമൂഹത്തിലും സ്ഥാപിക്കുവാൻ നാമോരോരുത്തരും മുമ്പോട്ടിറങ്ങേണ്ടതാണ് "ദോഷം വിട്ടകന്ന് ഗുണം ചെയ്ക. സമാധാനം അന്വേഷിച്ച് പിന്തുടരുക." (സങ്കീ 34:14)

ഒരു പുതിയ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നാമോരോരുത്തരും ഒരു പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുകകൂടി വേണം. well begun is half done എന്നാണല്ലൊ ആപ്തവാക്യം. കഴിഞ്ഞുകാലങ്ങളിൽ നാമോരോരുത്തരുടെയും ജീവിതത്തിൽ വന്നപോയ പാളിച്ചകളെക്കുറിച്ചോർത്ത് വ്യാകുലപ്പെടേണ്ടതായകാര്യമില്ല. എന്നാൽ പ്രസ്തുത പാളിച്ചകൾ ഇനിയും ആവർത്തിക്കാതിരിക്കുവാൻ നാമോരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. ചിന്ത വാക്ക് പ്രവൃത്തി എന്നിവയിലൂടെ നാം ചെയ്യുന്ന പാപങ്ങളുടെ ഫലമായാണ് നമ്മുടെ മനസ്സമാധാനം നഷ്ടമായിപ്പോകുന്നത്. 'സമാധാനദ്വേഷിയോടുകൂടെ പാർക്കുന്നത് എനിക്ക് മതിയായി ഞാൻ സമാധാന പ്രിയനാകുന്നു.' (സങ്കീ 120:6-7) നമ്മൾ ചെയ്യുന്ന പാപങ്ങൾ അപ്പോഴപ്പോൾത്തന്നെ സത്യ കുമ്പസാരത്തിലൂടെയും വി കുർബ്ബാനാനുഭവത്തിലൂടെയും കഴുകിക്കളയണം. ശിരസ്സിൽ നിന്നും ഒരു വലിയ ചുമട് ഇറക്കിവച്ചതുപോലെയുള്ള ഒരു ആശ്വാസം സത്യ കുമ്പസാരത്തിലൂടെ ലഭിക്കും, ലഭിക്കണം. റോമർ 15:33, 2 കൊരി. 13:11, 1 തെസ്സ 5:23, എബ്രാ;13:20 എന്നീവാക്യങ്ങൾ പരിശോധിക്കുക.



സമാധാനപ്രഭുവിന്റെ സമീപത്തേക്ക് നമുക്ക് നടന്നുചെല്ലാം. സമാധാനപ്രഭു നമുക്ക് സമാധാനം തരും. "യഹോവെ, നീ ഞങ്ങൾക്കായിട്ട് സമാധാനം നിയമിക്കും. ഞങ്ങളുടെ സകലപ്രവൃത്തികളെയും നീ ഞങ്ങൾക്കു വേണ്ടി നിവർത്തിച്ചിരിക്കുന്നു. (യെശ:26:12) അത് ലോകം തരുന്ന സമാധാനം ആയിരിക്കുകയില്ല. ശാശ്വതവും നിർമ്മലവുമായ സമാധാനം അവിടുന്ന് നമുക്ക് പ്രദാനം ചെയ്യും." വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോടു സമാധാനം ഉണ്ട്. (റോമർ 5:1) അതിനായി നമുക്ക് ആത്മശരീരങ്ങളെ ഒരുക്കാം, "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല. നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രെ" (റോമർ 14;17) എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകലസന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കുമാറാകട്ടെ" (റോമർ 15:13) സമാധാന പ്രഭുവിനെ സ്വീകരിക്കുവാൻ നമ്മുടെ ഹൃദയങ്ങളെ കമനീയമായി ഒരുക്കേണ്ടതാണ് നമ്മുടെ മനസ്സിൽ സമാധാനം ഇല്ലാതെ മറ്റൊരാൾക്ക് സമാധാനം നൽകുവാനൊ ആശംസിക്കുവാനൊ സാധ്യമാകയില്ലല്ലൊ. നമ്മിൽ സമാധാനം ഉണ്ടെങ്കിൽ മറ്റൊരാൾക്ക് സമാധാനം നൽകുവാനും ആശംസിക്കുവാനും കഴിയും. സമാധാന പ്രഭുവിനെ രക്ഷിതാവായി സ്വീകരിച്ച നാമോരോരുത്തരും സമാധാനത്തിന്റെ അപ്പോസ്തോലന്മാരാകണം. അസമാധാനത്തിന്റെയും സംഘട്ടനത്തിന്റെയും നിഴലാട്ടം എവിടെയുണ്ടോ അവിടെയെല്ലാം ഓടിയെത്തി സമാധാനം സ്ഥാപിക്കുവാൻ നാമോരോരുത്തരും ചുമതലപ്പെട്ടവരാണ് "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും." (മത്തായി 5:9) ജാതിമത ഭേദമന്യേ കുബേരകുചേല വ്യത്യാസമില്ലാതെ എവർക്കും സമാധാനം ആശംസിക്കുവാൻ നാമോരോരുത്തർക്കും കഴിയണം. കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പീൻ (റോമർ 12;18) എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പീൻ ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല (എബ്രായർ 12:14) നമ്മുടെ കർത്താവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത് അതാണ് നിങ്ങൾക്കേവർക്കും സന്തോഷവും സമാധാനവും ഈ പുതുവർഷാരംഭത്തിൽ ആശംസിക്കുന്നു

ശേഷം പിന്നാലെ
ദൈവം അനുഗ്രഹിക്കട്ടെ
കർത്താവിൽ നിങ്ങളുടെ
ബലഹീനനായ
തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്താ
1995 ജനുവരി 1 ന് അബുദാബി
സെന്റ് ജോർജ്ജ് പള്ളിയിൽ
നിന്നും.

# ശിശുസഹദേൻമാർ

### പി. എം. ചാക്കോ കിടങ്ങന്നൂർ

നമ്മുടെ സഭാ പഞ്ചാംഗത്തിൽ ഡിസംബർ 27. ശിശുവധപെരുനാൾ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ സഭയിൽ നിരവധി പെരുനാളുകളുണ്ട് നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ പ്രത്യേകസംഭവങ്ങൾ ഓർക്കുന്ന ദിവസങ്ങളെ മാറാനായ പെരുനാളുകളായി നാം ആചരിക്കുന്ന യൽദോ, ദനഹോ, മായൽത്തോ, സുബോറോ, കൂടാരപ്പെരുന്നാൾ, സുലോക്കോ, ശ്ലീബാ പെരുനാൾ തുടങ്ങിയവയാണവ. അതുപോലെ മാറാനായ പോലെ ആചരിക്കേണ്ട പെരുനാളുകളും നമുക്കുണ്ട്. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ, തോമാശ്ലീഹായുടെ ദുക്റോനോ, ശൂനോയോ തുടങ്ങിയവയാണവ. മാറാനായ പെരുനാളുകൾ ഞായറാഴ്ച പോലെ നാം ആചരിക്കുന്നു. അതുപോലെ തന്നെ നമ്മുടെ സഭയുടെ നില നില്പിനു സത്യവിശ്വാസ സംരക്ഷണത്തിനും വേണ്ടി ജീവിതം ഒഴിഞ്ഞുവച്ച അനേകം വിശുദ്ധന്മാരുടെയും വിശുദ്ധമതികളുടെയും വാങ്ങിപ്പിന്റെ ദിവസങ്ങൾ നാം പെരുനാളുകളായി ആചരിക്കുന്നു. ഇങ്ങനെയുള്ളവർ അവർ ആരായാലും സഭ അവരെ ബഹുമാനിക്കുന്നു. അപ്പസ്തോലന്മാർ, ഏവൻഗേലിസ്തന്മാർ, അറിയിപ്പുകാർ, വൈദികമേലദ്ധ്യക്ഷന്മാർ പട്ടാളക്കാർ സ്ത്രീകൾ, ബാലന്മാർ, ശിശുക്കൾ ഇങ്ങനെ സമൂഹത്തിന്റെ ഏതവസ്ഥയിൽ ഉള്ളവരേയും സഭ ബഹുമാനിക്കുന്നു. അവരിൽ പലരേയും വി. തുബ്ദേനിൽ നാം ഓർക്കുന്നു. പലരുടെയും നാമത്തിൽ പള്ളികളും കുരിശിൻ തൊട്ടികളും സ്ഥാപിച്ചിട്ടുണ്ട്. പലരുടെയും ഓർമ്മ പെരുനാളുകൾ നാം ആചരിക്കുന്നു.

(തുടരും.)

## വാർഷികാഘോഷം

കുറിച്ചിമുട്ടം സെൻറ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിലെ വിവിധ ആത്മീയ സംഘടനകളുടെ തന്നാണ്ടത്തെ വാർഷികം നടത്തപ്പെട്ടു. റവ. ഫാ. കുര്യൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനം സുൽത്താൻ ബത്തേരി ഇടവകയുടെ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ഉൽഘാടനം ചെയ്തു. ശ്രീമാന്മാരായ കെ. കെ. ഏബ്രഹാം, വിനോദ് ജോർജ്, ശ്രീമതിമാരായ സാറാമ്മ മാത്യു മേരി തോമസ് എന്നിവർ പ്രസംഗിച്ചു. ഇടവക വികാരി റവ. ഫാ. നൈനാൻ വി. ജോർജ് സ്വാഗതവും ശ്രീ കെ. വി. വറുഗീസ് കൃതജ്ഞതയും പറഞ്ഞു.



പൗരസത്യ ആദ്ധ്യാത്മികത (4)

# പരിശുദ്ധിയുടെ പടവുകൾ

### (ഡീക്കൺ ഐപ്പ് പി. സാം തോട്ടപ്പുഴ)

വിശ്വാസിയുടെ വിശുദ്ധിയിലുള്ള പ്രയാണം എപ്പോഴും സഭയുമായുള്ള ഇടമുറിയാത്ത ബന്ധത്തിലാണ്, അഥവാ 'കാതോലികവും അപ്പോസ്തോലികവുമായ ഏക വിശുദ്ധ സഭാജീവിതത്തിലാണ് പുരോഗതി പ്രാപിക്കുന്നത്. ആത്മീയ ജനനവും അന്തമില്ലാത്ത ആത്മീയ വളർച്ചയും സഭാ മാതാവുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നതെങ്കിലും വളരുമാറാക്കുന്നത് മനുഷ്യനല്ല; ദൈവമാണ് 'ഞാൻ (പൗലോസ്) നട്ടു, അപ്പല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നട്ടവനും നനെക്കുന്നവനും ഏതുമില്ല: (1 കൊരി 3;6,7) ആദിമ സഭയിൽ സ്നാനമേററു ക്രിസ്തുഗാത്രമായ സഭയോട് ചേർന്ന് പരിശുദ്ധാത്മാഭിഷേകവും പുത്രസ്വീകാരവും പ്രാപിച്ചു വിശുദ്ധന്മാർ' (1 കൊരി. 1:2 എഫെ. 1:1) ക്കാണ് ശ്ലീഹന്മാർ ലേഖനങ്ങളെഴുതി പ്രബോധനം നല്കിയിരുന്നത്.

## കൗദാശിക ജീവിതത്തിന്റെ അനിവാര്യത

കൂദാശകളുടെ അർത്ഥവും ലക്ഷ്യവും ശുദ്ധീകരണമാണ്. മനുഷ്യവർഗ്ഗത്തിന്റെ വിശുദ്ധിയിലുള്ള വളർച്ചയ്ക്ക് കൂദാശകളാകുന്ന പ്രത്യക്ഷകർമ്മങ്ങളിൽ കൂടി അപ്രത്യക്ഷങ്ങളായ ദൈവീക കൃപകൾ അത്യന്താപേക്ഷിതമാണ്. കൂദാശകൾ വഴിയായി ലഭിക്കുന്ന ദൈവകൃപയുടെ വ്യാപാരം മനുഷ്യബുദ്ധിക്ക് അഗോചരമാണ്. കൂദാശകളിൽകൂടി വിശുദ്ധീകരിക്കപ്പെട്ട പുതിയ സൃഷ്ടിയാണ് ദൈവസന്നിധിയിൽ നൈവേദ്യ (സമർപ്പണയോഗ്യമായി) മായി തീരുന്നത്. ആത്മാവിന്റെ മാത്രമായ ശുദ്ധീകരണമല്ല കൂദാശകളിൽകൂടി ഉദ്ദേശിക്കുന്നത്. ശരീരവും, മനസ്സും, ആത്മാവും കൂടി കലർന്ന വ്യക്തിയുടെ സമഗ്രമായ ശുദ്ധീകരണമാണ്. വ്യക്തിയുടെ ശുദ്ധീകരണത്തിൽ കൂടി താൻ ജീവിക്കുന്ന സമൂഹത്തിന്റെയും, സമൂഹത്തിന്റെ ശുദ്ധീകരണത്തിൽ കൂടി സമൂഹത്തെ ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെയും സമൂലമായ ശുദ്ധീകരണവും തേജസ്കരണവും സാദ്ധ്യമാകണം. ദൈവസൃഷ്ടിയായ പ്രപഞ്ചം മുഴുവനും ദൈവപുത്രന്മാരുടെ (വിശുദ്ധന്മാരുടെ) വെളിപ്പാടിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നു. (റോമ. 8:19) അനുദിനജീവിതത്തിൽ അറിവോടും അറിവുകൂടാതെയും മനസ്സോ

ടും മനസ്സുകൂടാതെയും സംഭവിക്കുന്ന പാപമാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് വിശുദ്ധിയിൽ ദൈവീകരായി വളരുവാൻ കൗദാശിക ജീവിതം നമ്മെ സഹായിക്കുന്നു.. ദൈവത്വത്തിന്റെ പരിമളം മനുഷ്യവർഗ്ഗത്തിനു പകരുവാനാണ് ദൈവപുത്രൻ മനുഷ്യപുത്രനായി തീർന്നത്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ തന്നെയാണ് പരമമായ കൂദാശ. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1 യോഹ 1:7) കൂദാശകളിലെ ഏതൊരു പ്രാർത്ഥന ശ്രദ്ധിച്ചാലും അവയിലെല്ലാം തന്നെ ശരീരാത്മ മനസ്സുകളുടെ ശുദ്ധീകരണവും അവയുടെ വിശുദ്ധിയിലുള്ള വളർച്ചയും പ്രധാന പ്രമേയമാണ്. ദൈവീക പരിമളം അനുഭവിച്ചറിയുവാൻ ഓരോ കൂദാശകളും സഹായിക്കുന്നു. അതുപോലെ തന്നെ വി. കൂദാശകൾ മുഖേന വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ അനുസ്യൂതമായ പ്രവർത്തനവും സജീവമായ സാന്നിദ്ധ്യവും അനുഭവവേദ്യമാകുന്നു.

വെള്ളത്തിൽനിന്നും പരി. ആത്മാവിൽ നിന്നും അഥവാ സഭാമാതാപിതാവിന്റെ ഉദരത്തിൽ നിന്നുള്ള വീണ്ടും ജനനമാണല്ലോ വി. മാമോദീസാ. വിശുദ്ധിയിലുള്ള വിശ്വാസിയുടെ വളർച്ച ആരംഭിക്കുന്നത്. വി. മാമോദീസായോട് കൂടിയാണ് ഇന്നുള്ള ക്രിസ്തീയ മാമോദീസായുടെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ മാമോദീസായാണ് പാപമോചനത്തിന് മാത്രമായിട്ടാണ് സ്നാപകയോഹന്നാൻ മാമോദീസാ നല്കിയിരുവെങ്കിൽ ക്രിസ്തുവിന്റെ മാമോദീസാ പരി. ആത്മദാനങ്ങളും പുത്രത്വനൽവരവും നല്കുവാൻ പര്യപ്തമായി നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. അപ്രേം പറയുന്നു. "ക്രിസ്തു മാമോദീസായ്ക്ക് അടുത്തുവന്നപ്പോൾ തന്റെ മനുഷ്യത്വം എന്ന യാഥാർത്ഥ്യം വെളിപ്പെടുത്തി" (1) നമ്മുടെ കർത്താവിനെക്കുറിച്ച് ഉള്ള അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ ദൃശ്യജലത്തോട് അദൃശ്യനായ ആത്മാവിനെ സംയോജിപ്പിക്കുവാനായിട്ടായിരുന്നു: ദൈവപുത്രൻ യോഹന്നാനിൽ നിന്ന് സ്നാനം ഏല്ക്കുവാൻ വന്നത് വി. മാമോദീസായിൽ ശരീരം ജലത്തിന്റെ കുളിർമ്മ അനുഭവിക്കുമ്പോൾ ആത്മാവ്. പരിശുദ്ധാത്മാവിനെ ഉൾക്കൊള്ളുന്നു (2) എന്ന് പറഞ്ഞിരിക്കുന്നു. പരി. ആത്മാവിനെ പ്രാപിച്ച് വിശുദ്ധ വംശമായി ജീവിക്കുവാൻ ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു. വിശുദ്ധന്മാർ എന്ന സംജ്ഞ ആദിമ സഭയിൽ ഒരു പ്രത്യേക ഗണത്തിന് മാത്രമല്ല ഉപയോഗിച്ചിരുന്നത്. മാമോദീസാ ഏറ്റ് സഭയോട് ചേർന്നു ഏവരെയും സംബോധന ചെയ്യുവാൻ ഉപയോഗിച്ച പദമായിരുന്നു അത്. എന്നാൽ ഇന്ന് വിശുദ്ധിയുടെ അനുഭവം എത്രമാത്രം നിത്യമായ നിലനിർത്തുവാൻ സാധിക്കുന്നു. എന്ന് ചിന്തിക്കുക അശുദ്ധിയിൽ ജീവിക്കുന്ന വിശു



ദ്ധന്മാർ എന്നാണ് വി. ആഗസ്തീനോസ് ക്രിസ്ത്യാനികളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. പലാമസിലെ വി. ഗ്രീഗോറിയോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: വി. മാമോദീസായിൽ ഒരു വ്യക്തി ക്രിസ്തുവിനോടു കൂടെ മരിച്ച് ഒരു പുതിയ സാമ്രാജ്യത്തിലെ പുതിയ യുഗത്തിൽ പുതിയ ജീവിതത്തിനായി അവനോടു കൂടെ ഉയിർത്തെഴുന്നേല്ക്കുന്നു. ക്രിസ്തുവിന്റെ ഇഹലോക ജീവിതത്തെയും മരണത്തെയും കബറടക്കത്തെയും പുനരുത്ഥാനത്തെയും വി. മാമോദീസായുടെ രഹസ്യം സംയോജിപ്പിക്കുന്നു. പാപത്തിൽ മരിക്കുന്ന വ്യക്തി പരി. ആത്മാവിന്റെ മുദ്രയും നൽവരവും പ്രാപിച്ച് വിശുദ്ധയിൽ ഉയർത്തെഴുന്നേല്ക്കുന്നു". (3) വ്യക്തി ലോകത്തിന് കുരിശിക്കപ്പെട്ട്. കഴുകി ശുദ്ധീകരിക്കപ്പെട്ട് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ പുതിയ ജീവനും പുതിയ ആത്മാവും പുതിയ ശക്തിയും പ്രാപിക്കുന്നു. വി. മാമോദീസായുടെ ശുശ്രൂഷയിലെ ഒരു പ്രാർത്ഥന ഇപ്രകാരമാണ്............ ഇനി ഇവൻ ദുഷ്പ്രഭുക്കളെയോ അന്ധകാര ശക്തികളെയോ ഭയപ്പെടുവാനിടയാകാതെ നിന്റെ തേജസ്സിൽ തന്നെ നടക്കുകയും പ്രകാശപുത്രനായി തീരുകയും നിന്നിൽ കൂടി സഞ്ചരിച്ചുകൊണ്ട് തിരുസന്നിധിയിൽ എത്തിച്ചേരുകയും ചെയ്യണമേ." നഷ്ടമായ പറുദീസയിലേക്കുള്ള പുനപ്രവേശനമായും നഷ്ടമായ ദൈവസാദൃശ്യത്തിന്റെയും പുത്രത്വത്തിന്റെയും പദവിയിലേക്കുള്ള പുനഃപ്രതിഷ്ഠയായും പൗരസ്ത്യ പിതാക്കന്മാർ വി. മാമോദീസയെ വീക്ഷിക്കുന്നു. (4) വി. മൂറോൻ അഭിഷേകത്താൽ ക്രിസ്തുവിൽ അഭിഷിക്തനായ പരി. ആത്മാവിനെ പ്രാപിച്ച് ക്രിസ്തു ശരീരത്തിലെ അംഗമായി, ക്രിസ്തു ശരീരത്തിന് അവകാശിയായിതീരുന്നു: ദൈവജനമായ യിസ്രായേലിന് മരുഭൂപ്രയാണത്തിൽ ശക്തി ആർജ്ജിക്കുവാൻ മന്നാ ആവശ്യമായിരുന്നു. പരിശുദ്ധിയുടെ പടവുകളിൽ കൂടി ആരോഹണം ചെയ്യുന്ന പരിശുദ്ധന് ആത്മീയ ശക്തി ലഭിക്കുവാൻ അൾത്താരയിലെ 'സ്വർഗ്ഗീയ മന്നാ' അത്യാന്താപേക്ഷിതമാണ്. തിരുശരീരരക്തങ്ങളുടെ അനുഭവത്തിൽകൂടി ക്രിസ്തു നമ്മിൽ വസിക്കുന്നു. നമ്മിൽ വസിക്കുന്ന ക്രിസ്തുവിന്റെ നിയന്ത്രണത്തിന് നമ്മെ വിധേയപ്പെടുത്തുമ്പോൾ മാത്രമാണ് വിശുദ്ധിയിലുള്ള വളർച്ച സാദ്ധ്യമാകുന്നത്. ഒരു പൗരസ്ത്യ ചിന്തകന്റെ അഭിപ്രായം "കൂദാശകളുടെ കൂദാശയായ വി. കുർബ്ബാനയിൽ സ്വയം യാഗമായി തീർന്ന ദൈവപുത്രന്റെ ജനനവും ജീവിതവും ക്രൂശുമരണവും പുനരുത്ഥാനവും രണ്ടാംവരവും പറഞ്ഞു പോകുകയല്ല അതിന്റെ സജീവമായ അനുസ്മരണ -anamnesis) ത്തിൽ കൂടി അനുഭവവേദ്യമാക്കി തീർക്കുന്നു (5) എന്നാണ് വി. കുർബ്ബാനയാകുന്ന

# കണ്ണിലെ കൃഷ്ണമണിപോലെ കാക്കും

ജോയി നെടുമ്പറമ്പിൽ, പുത്തൻകാവ്

"താൻ അവനെ മരുഭൂമിയിലും ഓളി കേൾക്കുന്ന ശൂന്യ പ്രദേശത്തിലും കണ്ടു. അവനെ ചുററി പരിപാലിച്ചു കണ്മണിപോലെ അവനെ സൂക്ഷിച്ചു."

പുതുവർഷത്തിൽ പ്രവേശിച്ച സഹോദരീ സഹോദരന്മാരെ! നിങ്ങൾക്കേവർക്കും നവവർഷ ശുഭാശംസകൾ നേർന്നുകൊള്ളുന്നു:

---

കുദാശയിൽ കൂടി നടക്കുന്നത് ഒരു യാഗമാണ് ഈ യാഗത്തിന് പിമ്പിൽ വലിയ ഒരു ത്യാഗം (kenosis) അനിവാര്യമാണ് വസ്തുവിന്റെ യാഗത്തോടൊപ്പം തന്നെ വ്യക്തിയുടെ യാഗവും നടക്കണം. വ്യക്തിയുടെ സ്വയം (അഹം) യാഗമായി അർപ്പിക്കണം. ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവെത്രേ എന്നിൽ ജീവിക്കുന്നു. (ഗല്യാ. 2:20) ഈ ഒരു ഭാഗമാണ് കൗദാശിക ജീവിതത്തിൽ കൂടി നാം ആർജ്ജിച്ചെടുക്കേണ്ടത്. ഇപ്രകാരം സ്വയം വെറുമയാക്കുന്ന വ്യക്തിയ്ക്കു മാത്രമേ പുതിയ സൃഷ്ടിയായി പനരുജീവിച്ച് പറുദീസായിലെ ദൈവീകരിക്കപ്പെട്ട അവസ്ഥയെ പ്രാപിക്കുവാൻ സാധിക്കൂ. തിരു ശരീരരക്തങ്ങളിലെ സംബന്ധം വഴിയായി ക്രിസ്തുവിന്റെ ദൈവത്വത്തിന് നാം പങ്കാളികളായി തീരുന്നു: യഥാർത്ഥത്തിൽ അതാണ് ക്രിസ്തുമായുള്ള കൂട്ടായ്മ (kononja) അതേ സമയം തന്നെ ഒരേ ശരീരത്തിന്റെ അംശികൾ എന്ന നിലയിൽ വിശ്വാസികളുടെ സമൂഹം ഒത്തൊരുമിച്ചു ക്രിസ്തുവിന്റെ കൂട്ടായ്മ അനുഭവിച്ചറിയുന്നു. അനശ്വരതയുടെ ഈ ഔഷധം മരണമില്ലാത്ത ഒരു ജീവിതം വാഗ്ദാനം ചെയ്യുന്നു.

പാപം മൂലം ദൈവത്തിൽ നിന്നും അന്യനാകുന്ന മനുഷ്യന് വീണ്ടും ദൈവവുമായി സംയോജിക്കുവാനുള്ള മാർഗ്ഗമാണ് വി കുമ്പസാരം. ആത്മാവിന്റെ സൗന്ദര്യവും ആരോഗ്യവും നിലവാരവും മനസ്സിലാക്കുവാൻ വിശ്വാസിയെ സഹായിക്കുന്ന നിലക്കണ്ണാടിയാണ് വി കുമ്പസാരം. സഭാജീവിതത്തിൽ മററ് കൂദാശകളും അനുഷ്ഠാനങ്ങളും ക്രമീകരിച്ചിരിക്കുന്നത് ദൈവീക ആരോഹണത്തിന് മനുഷ്യനെ സഹായിക്കുന്ന ഘടകങ്ങളായിട്ടാണ്. വിചാരങ്ങളുടെയും ചിന്തകളുടെയും ശുദ്ധീകരണത്തിന് തിരുവചന ധ്യാനവും യാമ പ്രാർത്ഥനകളും ഉപയുക്തമാകുമ്പോൾ നോമ്പ്, ഉപവാസം, കുമ്പിടീൽ ആദിയായവ ശരീരാത്മ ദേഹികളുടെ ആരോഗ്യ വർദ്ധനയ്ക്ക് ഉതകുന്ന പരിശീലന ക്രമങ്ങളാണ്:

★



കർത്താവിന്റെ വചനാനുസരണം ഈ വർഷം മുഴുവൻ അവൻ നിങ്ങളെ തന്റെ കണ്ണിലെ കൃഷ്ണമണിപോലെ കാത്ത് പരിപാലിക്കട്ടെ നാം മനുഷ്യരിൽ ആശ്രയിച്ചാൽ ചിലപ്പോൾ അവർ നമ്മെ മുഴുവനായി മറന്നെന്നുവരാം, അവർ തങ്ങളുടെ വാഗ്ദാനങ്ങൾ വിസ്മരിച്ചെന്നും വരാം ഞാൻ എപ്പോഴാണ് അങ്ങനെ പറഞ്ഞത്? എന്ന് നമ്മോട് തിരിഞ്ഞു നിന്നു ചോദിച്ചെന്നു വരാം അതാണ് ലോകം എന്നാൽ നാം ഒരു സാധാരണ മനുഷ്യനില്ല ആശ്രയിക്കുന്നത് പ്രത്യുത ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കർത്താവിലാണ്. ആ കർത്താവ് മാററമില്ലാത്തവനാണ് അവർ പറഞ്ഞു. 'യഹോവയായ ഞാൻ മാറാത്തവൻ' (മലാഖി 3;6) ലോകത്തിലെ ശൂന്യപ്രദേശങ്ങളിൽ കൂടി കടന്നു പോകുന്നതുപോലെ ജീവിതത്തിന്റെ വിവിധങ്ങളായ വിഷയങ്ങളിൽക്കൂടി നമ്മുടെ ജീവിതം നാം നയിക്കുന്നു. എന്നാൽ ഇമ്മാതിരി ചെളിക്കുണ്ടിൽ നിന്നും നമ്മെ വർഷത്തിന്റെ ആരംഭത്തിൽത്തന്നെ കരകയററുവാനായി കർത്താവ് നമ്മുടെ അടുത്തു വന്നിരിക്കയാണ് ഇനിയും എനിക്ക് എന്താശ്വാസമാണ് ഉള്ളത് ഇനിയും എന്നാണ് എന്റെ ആവശ്യങ്ങൾ നിറവേററപ്പെടുന്നത്. എന്നു പറഞ്ഞ് നമ്മൾ ചിന്താക്കുഴപ്പത്തിലും പരിഭ്രമത്തിലും ജീവിക്കുകയായിരിക്കാം. സന്തോഷത്തോടെ എഴുന്നേററ് കർത്താവിനെ സ്വീകരിക്കാം അവന് സ്തുതി കരേററാം. അവനാണ് ഈ വർഷം നമുക്കായി നൽകിയിരിക്കുന്നത്. നമ്മുടെ സ്വന്ത ശക്തികൊണ്ടോ ഇഛാശക്തികൊണ്ടോ ആഗ്രഹം നിമിത്തമൊ അല്ല. ദൈവമനുഷ്യനായ വി. പൗലോസ് ധൈര്യമായും വ്യക്തമായും ഇപ്രകാരം പ്രസ്താവിച്ചു. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു." (2 തിമോ;1;12) ഈ പുതുവർഷത്തിൽ ഞാൻ ആശ്രയിക്കുന്ന എന്റെ കർത്താവ് എന്നെ പുതിയ പാതയിൽ വഴി നടത്തും. പഴയതെല്ലാം മാറിപ്പോയി. എന്റെ ആത്മീക ജീവിതത്തിൽ മാത്രമല്ല ലൗകിക ജീവിതത്തിലും അവൻ എന്നെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുപരിപാലിക്കും. അവൻ സകലതും രൂപാന്തരപ്പെടുത്തും അവൻ എന്നെ രോഗക്കിടക്കയിൽ യിന്നും എഴുന്നേല്പിക്കും. ദൈവം ഈ പുതുവർഷത്തിൽ എനിക്ക് വേണ്ടതെല്ലാം നൽകും. കൂടാതെ ഈ പുതുവർഷത്തിൽ അവൻ എനിക്ക് തന്റെ രക്ഷയുടെ മഹത്വം പരിശുദ്ധാത്മാവിൽക്കൂടി നൽകുന്നു. വിശുദ്ധമായ അനുഭവങ്ങൾ ധാരാളമായി നൽകും. സന്തോഷവും സമാധാനവും നൽകുന്നതിനോടൊപ്പം ശത്രുക്കളിൽ നിന്ന് സംരക്ഷണവും അവൻ പ്രദാനം ചെയ്യുന്നു. നമുക്ക് പൗലോസിനെപ്പോലെ പറയുവാൻ കഴിയുമോ? ഈ വിശ്വാസത്തിൽ നമ്മുടെ പുതുവർഷം ആരംഭിക്കുവാൻ സാധിക്കുമോ? ദൈവം നമുക്കായി അനവധി അനുഗ്രഹങ്ങൾ കരുതിവെച്ചിരിക്കുന്നു.

## അവൻ നമുക്കു സ്വസ്ഥതനൽകുന്നു

സീയോൻ പുത്രിയെ ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക. ഇതാ ഞാൻ വരുന്നു. ഞാൻ നിന്റെ മദ്ധ്യെ വസിക്കും എന്ന് യഹോവയുടെ അരുളപ്പാട്" (സെഖര്യാവ് 2:10) അവൻ നമ്മോടു പറയുന്നത് "എന്റെ മക്കളെ നിന്റെ ഭാരങ്ങൾ ഞാൻ അറിയുന്നു. ആരും നിന്റെ ദുഃഖം അറിയുന്നില്ല എന്നു പറഞ്ഞ് നിരാശപ്പെടുകയും പരിഭ്രമിക്കുകയും ചെയ്യേണ്ട കാര്യമില്ല ഇന്ന് വയലിൽ കാണുന്ന പുല്ല് നാളെ അഗ്നിക്കിരയാകുമെങ്കിലും അതിനെ ഞാൻ ഇത്ര മനോഹരമായി ചമയ്ക്കുന്നുവെങ്കിൽ നിനക്കാവശ്യമുള്ളതെല്ലാം ഞാൻ തരികയില്ലയോ. നീ എന്തിന് അനാവശ്യമായി വ്യാകുലപ്പെടുന്നു? നമ്മുടെ സകല ആവശ്യങ്ങളും അവന്റെ പാദങ്ങളിൽ സമർപ്പിക്കാം. സുഖ ജീവിതം ലഭിക്കുന്നതിനുള്ള കുറുക്കുവഴി നിർദ്ദേശിക്കുന്നവരുടെ അടുക്കലേക്കുള്ള പ്രയാണം നമുക്ക് അവസാനിപ്പിക്കാം.

## കർത്താവു വലിയ കാര്യങ്ങൾ ചെയ്യും

യെഹോശാഫത്ത് രാജാവ് യഹോവയെ വളരെ സ്നേഹിച്ചിരുന്നു. ഒരിക്കൽ അനേകം രാജാക്കന്മാർ ഒത്തുചേർന്ന് ഇദ്ദേഹത്തിന് എതിരായി യുദ്ധമാരംഭിച്ചു: തന്റെ സ്വന്തം ശക്തിയിൽ ഇവരോടു പൊരുതുവാൻ കഴിവില്ലെന്ന് യെഹോശാഫാത്ത് അറിഞ്ഞിരുന്നു. അതുകൊണ്ട് അവൻ ഉപവസിച്ചു. അവൻ തന്റെ പ്രജകളെ വിളിച്ചുകൂട്ടി ഇപ്രകാരം പ്രാർത്ഥിക്കുവാൻ തുടങ്ങി. "കർത്താവെ ഞങ്ങളിൽ ഒരു ശക്തിയുമില്ല. എന്നാൽ നിന്റെ കരങ്ങളിൽ ബലവും ശക്തിയും ഉണ്ട്. ഞങ്ങൾ അപകടത്തിൽപെട്ടിരിക്കുന്നതുകൊണ്ട് നിങ്കലേക്ക് നോക്കുന്നു. നീ ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളെ വിടുവിക്കേണമെ അതിനു ശേഷം അദ്ദേഹം ഒരു ഗായകസംഘത്തെ ദൈവത്തിനു സ്തുതി പാടുവാൻ രൂപവൽക്കരിച്ചു അവർ പാടി ദൈവത്തെ സ്തുതിച്ചു. ഇതേ സമയം ശത്രുക്കൾ പരസ്പരം പൊരാടി. അനേകായിരങ്ങൾ ചത്തൊടുങ്ങി. സ്വന്തം സൈന്യത്തിന് യാതൊരു മുറിവുപോലും സംഭവിക്കാതെ ശത്രുസൈന്യത്തെ ഇല്ലായ്മ ചെയ്യുവാനും തുരത്തുവാനും യെഹൊശാഫാത്ത് രാജാവിന് കഴിഞ്ഞു. ഈ പുതു വർഷത്തിൽ നമ്മെ ഭയപ്പെടുത്തുകയും വിറപ്പിക്കുകയും ചെയ്യുന്ന കാര്യങ്ങൾ ദൈവത്തിന്റെ മുമ്പാകെ സമർപ്പിക്കുക.

ദൈവം തരുന്ന പൂർണ്ണ സമാധാനം സ്വീകരിക്കുകയും സകല ഭിന്നതകളും അവസാനിപ്പിക്കുകയും ചെയ്യുവീൻ കുടുംബങ്ങളിൽ ഐക്യവും സഭകളിൽ സമാധവും ഉണ്ടാകുവാൻ ദൈവം കൃപചെയ്യട്ടെ.

അവന്റെ നാമത്തെ മഹത്വപ്പെടുത്തുവാൻ നന്ദിയുള്ള ഹൃദയവുമായി വരിക. ഏവർക്കും ഹാർദ്ദവമായ നവവത്സരാംശസകൾ നേർന്നുകൊള്ളുന്നു.

★



# ക്രൈസ്തവ ലോകത്തെ പാത്രിയർക്കീസുമാർ

## വറുഗീസ് ജോൺ തോട്ടപ്പുഴ

പുരാതന റോമാ സാമ്രാജ്യത്തിലെ റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാന്ധ്രിയാ അന്തോഖ്യാ, ജറുസലേം എന്നീ നഗരങ്ങളിലെ ബിഷപ്പുമാർക്ക് അഞ്ചാം നൂററാണ്ടിൽ നൽകപ്പെട്ട പദവിയാണ് പാത്രിയർക്കീസ് എന്നത്. ആധുനികകാലത്ത് സ്വയം ശീർഷകത്വമുള്ള പൗരസ്ത്യ സഭകളുടെ തലവന്മാർക്കും ഈ പദവിയുണ്ട്. നാമമാത്രമായി മാത്രം ഈ സ്ഥാനപ്പേര് ഉപയോഗിക്കുന്നവരുമുണ്ട്.

ബൈസന്റായിൻ (ഗ്രീക്ക്) ഓർത്തഡോക്സ് സഭാ കുടുംബത്തിൽ കോൺസ്റ്റാന്റിനോപ്പിൾ (എക്യുമെനിക്കൽ) അലക്സന്ത്രിയാ, അന്ത്യോഖ്യാ ജെറൂസലേം, റഷ്യൻ, ജേർജിയൻ, സേർബീയൻ, റുമേനിയൻ, ബൾഗേറിയൻ എന്നി ഒൻപതു പാത്രിയർക്കീസുമാരാണുള്ളത്. ഇവയിൽ ആദ്യത്തെ നാലെണ്ണം പുരാതന പാത്രിയർക്കേററുകളാണ്. അലക്സന്ത്രിയായിലെ പാത്രീയർക്കീസിനെ പോപ്പ് (മാർപ്പാപ്പാ) എന്നു വിളിക്കുന്നു. ജോർജ്ജിയൻ പാത്രിയർക്കീസ് "കാതോലിക്കോസ്" എന്നുകൂടി അറിയപ്പെടുന്നു. ഇവരെക്കൂടാതെ യുക്രേനിയൻ സഭയിൽ രണ്ട് ആർച്ച് ബിഷപ്പുമാർ അടുത്തകാലത്ത് പാത്രിയർക്കീസ് എന്ന സ്ഥാനപ്പേര് ഉപയോഗിക്കുന്നുണ്ട്. പക്ഷെ മററുള്ളവർ അത് അംഗീകരിക്കുന്നുണ്ടോ എന്നു സംശയമുണ്ട്.

അർമ്മേനിയൻ സഭയുടെ അത്യുന്നത കാതോലിക്കോസ് (എക്മിയാഡ്സിൻ) പാത്രിയർക്കീസ് എന്നുകൂടി അറിയപ്പെടുന്നു. ഇദ്ദേഹത്തിന്റെ കീഴിൽ ജറുസലേമിലും കോൺസ്റ്റാന്റിനോപ്പിളിലും ഓരോ പാത്രിയർക്കീസ് ഉണ്ട്. പക്ഷെ ഇവർക്ക് പരിമിതമായ അധികാരമെ ഉള്ളു ലെബാനോനിലെ അന്റിലിലിയാസ് ആസ്ഥാനമായുള്ള കിലക്യയിലെ (സിസ്) അർമ്മേനിയൻ കാതോലിക്കായെ പാത്രിയർക്കീസ് എന്നും വിളിക്കാറുണ്ടെന്നുതോന്നുന്നു. സിറിയൻ, അന്ത്യോഖ്യാ കോപ്പററിക്ക് (ആലക്സന്ത്രിയാ), എത്യോപ്യൻ ഓർത്തഡോക്സ് സഭാ തലവന്മാരും പത്രീയർക്കീസുമാരാണ്. കോപ്പററിക്ക് സഭാ തലവനെ (അലക്സന്ത്രിയാ പാത്രിയർക്കീസ്) "പോപ്പ്" (മാർപ്പാപ്പാ) എന്നും എത്യോപ്യൻ സഭാ തലവനെ ആബൂനാ എന്നും വിളിക്കുന്നു. മലങ്കര സഭയിലെ ഇരുകക്ഷികളിലെയും തലവന്മാർ കാതോലിക്കാ എന്നു അറിയപ്പെടുന്നു. ചരുക്കത്തിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബത്തിൽ ആറോ ഏഴോ

പേർ പാത്രിയർക്കീസ് എന്ന് അറിയപ്പെടുന്നു.

അസീറിയൻ (നെസ്തോറിയൻ) സഭയിൽ ടെഹറാനിലും ബഗ്ദാദിലും ഓരോ പാത്രിയാർക്കീസ് ഉണ്ട് കാതോലിക്കാ എന്നുകൂടി അറിയപ്പെടുന്നു.

റോമൻ കത്തോലിക്കാ സഭയിലും പാത്രിയർക്കീസുമാരുണ്ട് മാർപ്പാപ്പാ തന്നെ പാശ്ചാത്യ പാത്രിയർക്കീസ് ആണ് പൗരസ്ത്യ റീത്തുകളിൽ അലക്സന്ത്രിയായിലെ കോപ്റ്റിക് അന്ത്യോഖ്യായിലെ മാരോനൈറ്റ്, മെൽക്കൈറ്റ്, സിറിയൻ, കിലിക്യയിലെ അർമ്മേനിയൻ, ബാബിലോണിലെ കൽദായ എന്നിങ്ങനെ ആറു പാത്രിയർക്കീസുമാർ ഉണ്ട്. അന്ത്യോഖ്യായുടെയും ജറുസലേമിന്റെയും അലക്സന്ത്രിയായുടെയും ബൈസന്റയിൻ (ഗ്രീക്ക്) കത്തോലിക്കാ പാത്രിയർക്കീസാണ് മെൽക്കൈറ്റ് പാത്രിയർക്കീസ്. ഇവ കൂടാതെ യുക്രേനിയൻ സീറോ മലബാർ റീത്തുകളിലെ മേജർ ആർച്ച് ബിഷപ്പുമാർക്ക് പാത്രിയർക്കീസിന്റെ അധികാരാവകാശങ്ങളും ഉണ്ട്, പാശ്ചാത്യ റീത്തിൽ (ലത്തീൻ സഭ) ചില പാത്രിയർക്കീസുമാരുണ്ട് ജറുസലേമിലെ ലത്തീൻ പാത്രിയാർക്കീസാണ് അവരിൽ പ്രധാനി കോൺസ്റ്റാന്റിനോപ്പിൾ, അലക്സന്ത്രിയ, അന്ത്യോഖ്യ, എന്നിവിടങ്ങളിലുണ്ടായിരുന്ന ലത്തീൻ പാത്രിയർക്കേറ്റുകൾ പിൽക്കാലത്ത് റദ്ദാക്കി. ജറുസലേമിലെ ലത്തീൻ പാത്രിയർക്കീസിന് സമീപപ്രദേശങ്ങളിൽ പരിമിതമായ അധികാരമുണ്ട്. ഇതുകൂടാതെ വെനീസ് ലിസ്ബൺ, മാഡ്രിഡ്, (വെസ്റ്റ് ഇൻഡീസ്) ഗോവാ (ഈസ്റ്റ് ഇൻഡീസ്) എന്നീ സ്ഥലങ്ങളിൽ നാലു ലത്തീൻ നാമമാത്ര പാത്രിയർക്കീസുമാരുണ്ട്. ഇവർക്ക് പ്രത്യേക ഭരണാധികാരമില്ല; ബഹുമതി മാത്രമെ ഉള്ളൂ. റോമൻ കത്തോലിക്കാ സഭയിലെ പാത്രിയർക്കീസുമാർ മാർപ്പാപ്പായുടെ കീഴിലാണ്. ഈ സഭയിൽ മാർപ്പാപ്പാ ഉൾപ്പെടെ 12 പേർ പാത്രിയർക്കീസ് എന്നറിയപ്പെടുന്നു ചുരുക്കത്തിൽ ക്രൈസ്തവ ലോകത്ത് മുപ്പതിലധികം പേർ പാത്രിയർക്കീസ് എന്നറിയപ്പെടുന്നുണ്ട്:

ജോർജിയൻ, അർമേനിയൻ (എക്മിയാഡ്സിൻ ആന്റിലിയാസ്) അസിരിയൻ (ടെഹറാൻ, ബാഗ്ദാദ്) മലങ്കര (കോട്ടയം മൂവാററുപുഴ) സഭകളുടെ തലവന്മാരായ ഏഴുപേർ കാതോലിക്കാ എന്നറിയപ്പെടുന്നു. മുമ്പ് അൽബേനിയാ (ഇപ്പോഴത്തെ അസർബൈജാൻ) അബ്ഗാസിയാ (പശ്ചിമ ജോർജിയാ) അഘ്തമാർ (അർമേനിയൻ സഭ) എന്നീ സ്ഥലങ്ങളിലും കാതോലിക്കാമാരുണ്ടായിരുന്നു. തിഗ്രീസിലെ മപ്രിയാനായും കാതോലിക്കാ എന്നും അറിയപ്പെട്ടിരുന്നു.

ക്രൈസ്തവ ലോകത്ത് പോപ്പ് (മാർപ്പാപ്പാ) എന്നു വിളിക്കപ്പെടുന്ന മൂന്നുപേരുണ്ട്, റോമിലെ പാത്രിയർക്കീസും ഈജി



## ബൈബിൾ ക്വിസ്

### ജോർജ്ജ്കുഞ്ഞ്-കിഴക്കേത്തലയ്ക്കൽ

(1) വേദപുസ്തകത്തിലെ ഏററവും പ്രായം കൂടിയ ആര്?
(2) ഇരുപത്തിനാല് വിരലുകൾ ഉണ്ടായിരുന്ന മനുഷ്യൻ ആര്?
(3) "യഹോവയാൽ കഴിയാത്ത കാര്യമുണ്ടോ'' എന്നു ചോദിച്ചതാര് ?
(4) ദൈവം മനുഷ്യനോടു ചോദിച്ച ആദ്യത്തെ ചോദ്യം എന്തായിരുന്നു. ?
(5) രണ്ടുകോൽ ഒന്നാക്കിത്തീർത്ത പഴയ നിയമ പുരുഷൻ ആര് ?
(6) മോശയാൽ എഴുതപ്പെട്ട ഏക സങ്കീർത്തനമേത് ?
(7) ആദ്യമെ ഇരട്ടക്കുഞ്ഞുങ്ങളെ പ്രസവിച്ച സ്ത്രീ ?
(8) ആരുടെയും വെള്ളിയൊ, പൊന്നൊ, വസ്ത്രമോ മോഹിക്കാത്തവൻ ആര്'' ?
(9) യഹോവയാൽ അടക്കം ചെയ്യപ്പെട്ടവനാര് ?
(10) ബൈബിളിലെ ഏററവും വലിയ പേര് ?
(11) സഭയുടെ സ്ഥാപകനാര് ?
(12) യേശു ഒരു രാജാവിനെ കുറുക്കൻ എന്നു വിളിച്ചു. രാജാവാര് ?

### ഉത്തരങ്ങൾ

(1) മെഥുശലഹ് (969) ഉല്പത്തി 5;27
(2) രാഫെയുടെ മകൻ 2 ശമുവേൽ 21:20
(3) യഹോവ ഉല്പത്തി 18;14
(4) "ആദമെ! നീയെവിടെ'' ? ഉല്പത്തി 3:9
(5) യെഹസ്കേൽ 37:17
(6) സങ്കീർത്തനം-90
(7) റിബേക്ക ഉല്പത്തി 25:24
(8) പൗലോസ്—അ:പ്രവർത്തികൾ 20:23
(9) മോശ-ആവർത്തനം 34:6
(10) മഹേർ-ശാലാൽ-ഹാശ്ബസ്-യെശ:8:1
(11) യേശുക്രിസ്തു മത്തായി 16:18
(12) ഹേരോദാവ് ലൂക്കോസ് 13:32

പ്റ്റിലെ കോപ്റ്റിക്ക് ഗ്രീക്ക് അലക്സന്ത്രിയാ പാത്രിയർക്കീസുമാരും പുരാതനകാലം മുതലെ ഇങ്ങനെ അറിയപ്പെടുന്നു. അലക്സന്ത്രിയായിലെ ബിഷപ്പ് ആയ ഹെറാക്ലസ് (231-48) ആണ് ക്രൈസ്തവ ലോകത്ത് ആദ്യമായി ഇങ്ങനെ വിളിക്കപ്പെട്ട സഭാദ്ധ്യക്ഷൻ. പൗരസ്ത്യ സഭയിൽ വൈദീകരും പാശ്ചാത്യ സഭയിൽ ബിഷപ്പ്മാരും ഇങ്ങനെ വിളിക്കപ്പെടുന്നുവത്രെ.

★

# ശൗലിന്റെ മാനസാന്തരം

## വി. വറുഗീസ് മുളക്കുഴ

യഹൂദ മതപ്രമാണികളുടെ ആജ്ഞാനുസരണം ക്രൈസ്തവസഭയ്ക്കും കർത്തൃസുവിശേഷകർക്കും എതിരെ ശൗൽ കൈക്കൊണ്ട ഭീകര നടപടികൾ സീമാതീതമാണ്. ദമസ്കോസിൽ വച്ചുള്ള തന്റെ മനപരിവർത്തനത്തിനു ശേഷം തന്നിൽ നിന്നും ലോകത്തിനു ലഭ്യമായ മഹത്തരമായ സേവനങ്ങൾ എന്തെല്ലാമാണെന്നു ചിന്തിക്കുന്നതിന് മുൻപായി ശൗലിന്റെ ബാല്യകാല ജീവിതം, വിദ്യാഭ്യാസം, കുലം, തൊഴിൽ തുടങ്ങി കാര്യങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം ആവശ്യമത്രെ.

എ. ഡി. ഒന്നാം വർഷത്തിൽ റോമാ സാമ്രാജ്യത്തിലെ കിലിക്യാ പ്രവിശ്യയുടെ തലസ്ഥാനമായ തർസോസ് പട്ടണത്തിലെ റോമാ പൗരത്വം സമ്പാദിച്ച ഒരു പ്രമുഖ വ്യാപാരിയുടെ മകനായി ജനിച്ചു. തർസോസ് പട്ടണം ആട്ടിൻ രോമംകൊണ്ടുള്ള വിരികളും മലനാടുകളിലെ തടികളും കൊണ്ട് കററുമതിയുടെ കാര്യത്തിൽ മുന്നിട്ടുനിന്നിരുന്നു. പ്രശസ്തിയേറിയ ഒരു സർവ്വകലാശാല തർസോസിൽ ഉണ്ടായിരുന്നതിനാൽ വിദ്യാഭ്യാസപരമായി അന്ത്യോക്യാ അഥേന തുടങ്ങിയ കേന്ദ്രങ്ങളോട് കിടപിടിക്കുന്നതായിരുന്നു ശൗലിന്റെ ജന്മദേശമായ തർസോസു പട്ടണവും വിഗ്രഹാരാധനയും അസന്മാർഗ്ഗികതയും നിലനിന്നിരുന്ന അക്കാലത്ത് യഹൂദമത വിശ്വാസത്തിൽ അടിയുറച്ചതും യഹോവയായ ദൈവത്തിൽ ഭയഭക്തിയോടെ വിശ്വസിച്ചിരുന്നതുമായ ഒരു കുടുംബമായിരുന്നു ശൗലിന്റേത്. ശൗൽ ഒരു എബ്രായ നാമപദമാണ്, ഇതിന്റെ യവനായ രൂപമാണ് പൗലോസ് എന്നത്.

യഹൂദ റാബിമാരിൽ നിന്നും ലഭിച്ച വേദജ്ഞാനം ശൗലിനെ തർസോസിലെ ഒരു ഉന്നത വേദപണ്ഡിതനാക്കിത്തീർത്തു. ശൗലിന്റെ കുടുംബാന്തരീക്ഷം ആത്മീയ വളർച്ചയ്ക്ക് ഉതകുന്നതായിരുന്നു, ഏതൊരു യഹൂദ ബാലനും ചെയ്യാറുള്ളതുപോലെ ശൗലും സുനഗോഗിനോടു ചേർന്നുള്ള വിദ്യാശാലയിൽ പഠനം ആരംഭിച്ചു. ഇവിടെ പ്രധാനമായും മതപഠനം ആയിരുന്നു നടത്തിയിരുന്നത്. ഗ്രീക്കു ഭാഷയിലുള്ള പഴയനിയമമാണ് പഠിപ്പിച്ചിരുന്നത്, അതിനാൽ ശൗലിന് ഗ്രീക്കുഭാഷയും വശമാക്കുവാൻ സാധിച്ചു: 12-ാം വയസ്സിൽ ശൗൽ ദൈവത്തിന്റെ കല്പനകളെ സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കുവാൻ തക്കവണ്ണം പരിശീലനം നേടിക്കഴിഞ്ഞിരുന്നു. ശൗലിന്റെ ഉന്നത വിദ്യാഭ്യാസം യറുശലേമിലെ വേദശാ



സ്ത്ര പണ്ഡിതരിൽ ഉന്നതനായിരുന്ന ഗമാലിയേൽഹില്ലനിൽനിന്നുമായിരുന്നു. സുപ്രസിദ്ധനായ ഗമാലിയേലിന്റെ പാദപീഠത്തിങ്കലിരുന്നുകൊണ്ട് മതപഠനം നിർവ്വഹിച്ചതു മൂലം പിൽക്കാലത്ത് ശൗലിന് നല്ലൊരു വാഗ്മിയും സുവിശേഷകനും ആകുവാൻ കഴിഞ്ഞു. ഗമാലിയേൽ ആകമാനമുള്ള റബിമാരിൽ മുൻപന്തിയിലായിരുന്നു. തികഞ്ഞ സഹിഷ്ണത, ഔചിത്യ ബോധം, അഗാധമായ വേദപരിജ്ഞാനം എന്നീ ഗുണങ്ങളാൽ അലംകൃതനായിരുന്നു ഗമാലിയേൽ. ശൗൽ ഗമാലിയേലിന്റെ പാദപീഠത്തിങ്കലിരുന്ന് സസൂക്ഷ്മം പിതാക്കന്മാരുടെ പ്രമാണങ്ങളെ അഭ്യസിച്ചു.

ചെറുപ്രായത്തിൽത്തന്നെ ശൗൽ തന്റെ പിതാവിന്റെ കുലത്തൊഴിലായിരുന്ന കൂടാരപ്പണിയിൽ ഏർപ്പെട്ടിരുന്നു; അദ്ധ്വാനിച്ചു ജീവിക്കുക എന്നത് ശൗലിന്റെ ജീവിത പ്രമാണമായിരുന്നു.

ക്രിസ്തുവിന്റെ പരസ്യശുശ്രൂഷാവേളയിൽ ശൗൽ തർസോസിൽ ആയിരുന്നതിനാൽ ക്രിസ്തുവിനെ നേരിൽ കാണുവാൻ കഴിഞ്ഞിരുന്നില്ല. യറുശലേമിൽ ശൗൽ ഉണ്ടായിരുന്നെങ്കിൽ കർത്താവിന്റെ മുന്നോടിയായി വന്നിരുന്ന യോഹന്നാൻ സ്നാപകനെ കുണുവാൻ കഴിയുമായിരുന്നു. തന്നെയുമല്ല യേശുക്രിസ്തുവിനോടു തർക്കിച്ച പരീശന്മാരുടെ കൂട്ടത്തിൽ ശൗലും ഉൾപ്പെട്ടിരുന്നനെ.

തർസോസിലെ പണ്ഡിതരിൽ നിന്നും സ്റേറായിക് തത്വചിന്തയും യവനസിദ്ധാന്തങ്ങളും കരസ്ഥമാക്കുവാൻ ശൗലിനി സാധിച്ചു ശൗൽ ക്രിസ്തുമതാവലംബിയായിത്തീർന്നശേഷവും യഹൂദ മതത്തിലെ ആചാരാനുഷ്ഠാനങ്ങൾ അനുഷ്ഠിച്ചിരുന്ന (ഫിലി 3:4-6, കൊരി 10:1 റോമർ 4:1 2 കൊരി. 11:22 വാക്യങ്ങൾ പരിശോധിക്കുക) ജാതികളുടെ അപ്പോസ്തോലൻ ആയിരുന്നെങ്കിലും തന്റെ പിതാക്കന്മാരുടെ വിശ്വാസത്തെ നിരാകരിച്ചിരുന്നില്ല എന്നതിന് 1 കൊരി. 16:6 അ.പ്ര: 18:17.21 26 എന്നീ വാക്യങ്ങൾ തെളിവുകളാണ്.

യഥാർത്ഥ സഭ യിസ്രായേൽ എന്നും ദൈവവാഗ്ദത്തം ലഭിച്ച വ്യക്തി അബ്രഹാം എന്നും അബ്രഹാമിന്റെ കുടുംബത്തിൽ ജനിച്ച മിശിഹാ ഈ വാഗ്ദത്തം പൂർത്തിരിക്കുന്നു. എന്നും പൗലോസ് ദൃഢമായി വിശ്വസിച്ചിരുന്നു.

പഴയനിയമം പുസ്തകത്തിന്പുറമെ യഹൂദ മതത്തോടു ബന്ധപ്പെട്ട പല കൃതികളിലും പൗലോസിന് അറിവുണ്ടായിരുന്നു. തോബിയത്ത് ഹാദനാക്ക് തുടങ്ങിയ അപ്പോക്രിഫാ പുസ്തകങ്ങളിൽ നിന്ന് പൗലോസിനു ലഭ്യമായ ധാർമ്മികോപദേശങ്ങൾ ഇതിനുദാഹരണമാണ്. ന്യായപ്രമാണം ദൂതുകൾ വഴിയാണ് മോശയ്ക്ക് ലഭ്യമായത്. റബിമാരുടെ ഉപദേശങ്ങളിൽ ഇതു ദർശിക്കാം പൗലോസ് ഈ സത്യം സ്വീകരിച്ചിരുന്നു.

പൗലോസിന്റെ യഹൂദ മതതീക്ഷ്ണത ക്രിസ്തീയ മത വിദ്വേഷമായി മാറി. ക്രിസ്തുമതം പ്രസംഗിക്കുന്നവരെയും ഉപദേശിക്കുന്നവരെയും താൻ ഉപദ്രവിക്കുക മാത്രമല്ല അത്തരക്കാരെ ഇല്ലായ്മ ചെയ്യുന്നതിലും അതീവ താല്പര്യം കാണിച്ചു. യഹൂദ മതപുരോഹിതന്മാരിൽ ഉടലെടുത്ത ക്രിസ്തീയ സംഹാര പ്രവണതയിൽ പൗലോസ് തികച്ചും മുതലെടുത്തു. യറുശലേമിലും സമീപപ്രദേശങ്ങളിലും ക്രിസ്തുവിനെ മിശിഹാ എന്നു വിളിക്കുന്നവരെ യഹൂദന്മാരുടെ ന്യായാധിപ സംഘമായ സന്നദ്രിസംഘത്തിൽ ഏല്പിച്ച് മരണ ശിക്ഷയ്ക്ക് അർഹരാക്കി. സ്തേപ്പാനോസിനെ കല്ലെറിയുമ്പോൾ ശൗൽ കല്ലെറിയുന്നവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്നു. (അപ്പോ.പ്ര 7:58)

ശൗലിന്റെ ജീവിതത്തിലെ നിർണ്ണായമായ ഘട്ടം അവന്റെ ജീവിതത്തിൽ വന്ന മാറ്റമാണ്. യഹൂദ മത പുരോഹിതന്മാരിൽ നിന്നും അധികാര പത്രം വാങ്ങി ക്രിസ്തു മാർഗ്ഗം പ്രസംഗിക്കുന്നവരെയും ഉപദേശിക്കുന്നവരെയും പിടിച്ചുകെട്ടി യറുശലേമിലേക്ക് കൊണ്ടുപോരാൻ പുരാതന നഗരമായ ദമസ്ക്കോസിലേക്ക് യാത്രയാകവെ ദമസ്ക്കോസിനു സമീപം വച്ച് അദ്ദേഹം കർത്താവിന്റെ പ്രകാശധാരയേറ്റ് നിലം പതിച്ചു. കണ്ണുകണാത്തവനായി മൂന്നുരാവും പകലും തിന്നുകയോ കുടിയ്ക്കുകയോ കുടാതെ കഴിച്ചു കൂട്ടിയ ശൗൽ കർത്തൃ പ്രീയനും ദമസ്ക്കോസിൽ താമസക്കാരനുമായ അനന്യാസ് കർത്തൃനിയോഗ പ്രകാരം യൂദയുടെ വീട്ടിൽ എത്തി ശൗലിന്റെ ശിരസ്സിൽ കൈവച്ചു പ്രാർത്ഥിക്കും വരെ കണ്ണുകാണാത്തവനായികഴിഞ്ഞു. അനന്തരം ശൗൽ പരിശുദ്ധാത്മാവ് നിറവുള്ളവനായി കർത്താവിൽ സ്നാനപ്പെട്ട് ആഹാരം കൈകൊണ്ട് ബലം പ്രാപിക്കുകയും ചെയ്തു. (അ.പ്ര 9:1-18).

ശൗൽ തന്റെ മനപരിവർത്തനാനന്തരം ദമസ്ക്കോസിന്റെ പ്രാന്തപ്രദേശത്തുള്ള മരുഭൂമിയിൽ വസിക്കുകയും ചെയ്തതായി താൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. മരുഭൂമിയിലെ വാസം ശൗലിന് ക്രിസ്തുവിനെക്കുറിച്ച് ആഴമായി പഠിക്കുന്നതിന് സഹായകമായി. ഏകാന്തവാസം ഒരുവന്റെ ജീവിതം ധന്യമാക്കുന്ന മൂശയാണല്ലൊ, മോശെ, യോഹന്നാൻ മാംദനാ, വി. അഗസ്തീനോസ് തുടങ്ങിയവരും ജീവിതത്തിന്റെ ഉന്നതിയിൽ എത്തിയത് തങ്ങളുടെ ഏകാന്തവാസം കൊണ്ടായിരുന്നുവല്ലോ.

യേശു ദൈവപുത്രൻ തന്നെ എന്നു പള്ളികളിൽ പ്രസംഗിച്ചു. കേട്ടവർ കേട്ടവർ അത്ഭുതപ്പെട്ടു. ക്രിസ്തു മാർഗ്ഗക്കാരെ പീഢിപ്പിക്കുകയും കൊല്ലിക്കുകയും ചെയ്തു പോന്ന ശൗൽ അതീവശക്തിയോടെ ദമസ്ക്കോസിൽ പ്രസംഗിച്ച് യഹൂദന്മാരെ മിണ്ടാതാക്കി. കൂടുതൽ കൂടുതൽ



ശക്തിയോടെ കർത്താവിനെ സാക്ഷിക്കുന്നതിൽ ശൗൽ മേൽക്കുമേൽ ശക്തി ആർജ്ജിച്ചു (അപ്ര 9:19-22)

കർത്താവിന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ മക്കൾക്കും സുവിശേഷിപ്പാൻ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നു ശൗൽ കർത്തൃനാമ മഹത്വത്തിനായി ഏന്തു ത്യാഗവും കഷ്ടതയും സഹിപ്പാൻ കരുത്തുള്ളവനായിരുന്നു ശൗൽ. ദമസ്ക്കോസനുഭവത്തിനു ശേഷം പൗലോസ് എഴുതിയിട്ടുള്ള ലേഖനങ്ങളിലും സുവിശേഷഘോഷണങ്ങളിലും ഇതു വ്യക്തമാക്കുന്നുണ്ട്.

ഒരിക്കൽ ആത്സ്യയിൽ നിന്നും വന്ന യഹൂദന്മർ പൗലോസിനെ യറുശലേമിൽ വച്ച് ദൈവാലയത്തിൽ കണ്ടപ്പോൾ അവർ അവനെ പിടിച്ചു പുറത്താക്കുവാനും വധിക്കുവാനും ശ്രമിച്ചെങ്കിലും അതെല്ലാം ക്ഷമയോടെ സഹിച്ചു. സഹസ്രാധിപൻ വന്ന് അവനെ ചങ്ങലയാൽ ബന്ധിക്കുവാൻ ആജ്ഞാപിച്ചപ്പോൾ അവിടെ കൂടിയിരുന്ന യഹൂദ ജനം "അവനെ കൊല്ലുക, കൊല്ലുക എന്ന് ആക്രോശിച്ചപ്പോഴും പൗലോസ് അക്ഷോഭ്യനായിരുന്നു. (അ:പ്ര·21:21-36)

നാല്പതില്പരം യഹൂദന്മാർ പൗലോസിനെ കൊന്നുകളയുവോളം തിന്നുകയൊ കുടിക്കുകയൊ ചെയ്യുകയില്ല എന്നുള്ള ഉഗ്രശപഥം രഹസ്യമായി അറിഞ്ഞ പൗലോസിന്റെ സഹോദരീപുത്രൻ കോട്ടയിൽ കടന്ന് പൗലോസിനോട് വിവരം ധരിപ്പിച്ചപ്പോൾ ആ വിവരം അക്ഷോഭ്യനായി സഹസ്രാധിപനെ ധരിപ്പിക്കുവാൻ ഇടപാടു ചെയ്യിക്കുകയാണുണ്ടായത്. (അ;]പ 20:16-18)

പൗലോസും കൂട്ടരും കൈസര്യയിൽ ഫീലിപ്പോസ് എന്ന സുവിശേഷകന്റെ വീട്ടിൽ ഇരിക്കുമ്പോൾ അഗബൊസ് എന്ന പ്രവാചകൻ, പൗലോസിനെ യഹൂദന്മാർ യറുശലേമിൽ പിടിച്ചു കെട്ടി ജാതികളെ ഏല്പിക്കുമെന്ന് പ്രവചിച്ചപ്പോൾ, കർത്താവായ യേശുവിന്റെ നാമത്തിനു വേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യറൂശലേമിൽ മരിപ്പാനും താൻ ഒരുങ്ങിയിരിക്കുന്നു എന്ന് തന്നെച്ചൊല്ലി കരഞ്ഞു വിലപിക്കുന്നവരോടായി പറയുകയുണ്ടായി. അത്രമാത്രം യേശുവിനോട് പൗലോസ് തന്റെ ദമസ്ക്കോസ് അനുഭവത്തിനുശേഷം ലയിച്ചു ചേർന്നു കഴിഞ്ഞിരുന്നു. (അ: പ്ര: 21:8-14)

കൈസര്യയിൽ സൂക്ഷിച്ചിരുന്ന പൗലോസിനെ വിചാരണ ചെയ്യാൻ കൂടിയ ന്യായാസനത്തിലിരുന്ന് ഫെസ്പൊസ് പൗലോസിനോടായി നിനക്കെതിരെ യറുശലേമിൽ നിന്നും വന്നെത്തിയ യഹൂദന്മാർ നിരത്തിയിരിക്കുന്ന കുറ്റസംതികളെപ്പറ്റി യരുശലേമിൽ വന്ന് തന്റെ മുമ്പാകെ വിചാചരണ ചെയ്യപ്പെട്ടുവൻ മനസ്സുണ്ടോ? "എന്നു ചോദി

ച്ചപ്പോൾ പൗലോസ് താൻ കൈസറുടെ ന്യായസനത്തിൻ മുമ്പാകെ നില്ക്കുന്നു എന്നും താൻ അന്യായമായി യാതൊന്നും തന്നെ ചെയ്തിട്ടില്ലെന്നും മരണ യോഗ്യമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ മരണ ശിക്ഷ വാങ്ങുന്നതിനും മടിയില്ല എന്നും ധൈര്യമായി പ്രസ്താവിക്കാൻ പൗലോസിനു സാധിച്ചത് തന്റെ രക്ഷകനിൽക്കൂടി താൻ വീണ്ടെടുത്ത ആത്മ ധൈര്യം ഒന്നുകൊണ്ടു മാത്രമായിരുന്നു. (അ:പ്ര 25 6-11)

മെലീത്ത ദ്വീപിലെ ബർബരന്മാർ പൗലോസിനോടും കൂട്ടരോടും അതിഥേയ മര്യാദകൾ കാണിച്ചു. മഴയും ശീതവും നിമിത്തം തീ കാഞ്ഞുകൊണ്ടിരുന്ന പൗലോസ് കുറെ വിറകു പെറുക്കി തീയിൽ ഇട്ടപ്പോൾ പൗലോസിന്റെ കൈമേൽ ഒരു അണലി തൂങ്ങിക്കിടപ്പുണ്ടായിരുന്നു. അതു കണ്ട ബർബരന്മാർ ഈ മനുഷ്യൻ ഒരു കൊലപാതകൻ എന്നും ഉടൻ ചീർക്കുകയോ ചത്തുവീഴുകയോ ചെയ്യുമെന്നും അവർ തമ്മിൽ പറഞ്ഞു. എന്നാൽ പൗലോസ് ആ അണലിയെ തീയിലേക്ക് കുടഞ്ഞു കളഞ്ഞു തനിക്ക് ഒന്നും തന്നെ സംഭവിച്ചുമില്ല താൻ സേവിക്കുന്ന അരുമനാഥൻ ഏത് ആപത്തിൽ നിന്നും തന്നെ രക്ഷിക്കുമെന്നു പൗലോസ് സധൈര്യം കാണിച്ചുകൊടുത്തു (അ.പ്ര; 28:1-6)

റോമയിൽ വച്ച് യഹൂദ പ്രമാണികളോടായി പൗലോസ് ഇപ്രകാരം പറഞ്ഞു, ജനത്തിനോ പിതാക്കന്മാരുടെ ആചാരങ്ങൾക്കോ വിരോധമായി ഒന്നും തന്നെ ചെയ്യാതിരിക്കെ എന്നെ യെറുശലേമിൽ നിന്നും ബന്ധിതനാക്കി റോമാക്കാരുടെ കൈയിൽ ഏല്പിച്ചു. അവർ വിസ്തരിച്ചാറെ മരണ യോഗ്യമായത് ഒന്നും എന്നിൽ കാണായ്കയിൽ എന്നെ വിട്ടയപ്പാൻ അവർക്ക് മനസ്സുണ്ടായിരുന്നു. എന്നാൽ യഹൂദന്മാർ എതിരു പറയുകയാൽ ഞാൻ കൈസരെ അഭയം തേടേണ്ടിവന്നു. പരിശുദ്ധാത്മാവ് യെശയ്യാ പ്രവാചകൻ മുഖാന്തിരം പിതാക്കന്മാരോട് അരുളിച്ചെയ്തിരിക്കുന്നത് ശരിതന്നെ നിങ്ങൾ ചെവികൊണ്ടു കേട്ടിട്ടും ഗ്രഹിക്കാതിരിക്കും. കണ്ണുകൊണ്ട് കണ്ടിട്ടും കാണാതിരിക്കും. കണ്ണുകൊണ്ടു കാണാതെയും ചെവികൊണ്ടു കേൾക്കാതെയും ഹൃദയം കൊണ്ടു ഗ്രഹിച്ചു മനം തിരിയാതെയും. ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതതിന് ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു. അവരുടെ ചെവി കേൾപ്പാൻ മന്ദമായിരുന്നു. അവരുടെ കണ്ണ് അടച്ചിരിക്കുന്നു എന്ന് ഈ ജനത്തിന്റെ അടുക്കൽ പോയി പറയുക ആകയാൽ ദൈവം തന്റെ ഈ രക്ഷ ജാതികൾക്ക് അയച്ചിരിക്കുന്നു അവർ കേൾക്കും എന്ന് നിങ്ങൾ അറിഞ്ഞുകൊൾവിൻ (അ: പ്ര 28:26,28)

തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ട് പൂർണ്ണ പ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും, കർത്താവായ യേശുക്രി



സ്തുവിനെക്കുറിച്ച് തന്റെ ജീവാവസാനം വരെ സുവിശേഷിച്ചും പോന്നു. (അ.പ്ര: 28;29-30)

പ്രവചനം പൂർത്തായായി വന്ന മശിഹായായ യേശുതയാണ് രക്ഷകൻ എന്ന് പൗലോസ് വിശ്വസിച്ചു. മാനവരാശിയുടെ യഥാർത്ഥ രക്ഷകനും ഉദ്ധാരകനും യേശു തന്നെ എന്ന് പൗലോസ് സുവിശേഷിച്ചു. ആദം മുതൽ മോശവരെയും മോശെ മുതൽ മിശിഹാവരെയും മിശിഹാ മുതൽ പുതുയുഗം വരെയും പൗലോസ് വിശ്വസിച്ചിരുന്നു. ദൈവജനം യഹൂദ ജാതിയാണന്നുള്ള പൗലോസിന്റെ വിശ്വാസത്തിന് മാററം വന്നു. ക്രിസ്തീയ സംഘങ്ങളാണ് ദൈവം തെരഞ്ഞെടുത്ത ജനം അതാണ് യിസ്രായേൽ:

പൗലോസ് യഹൂദമത പണ്ഡിതനും യഹൂദ പാരമ്പര്യത്തിൽ വൈദഗ്ധ്യം സമ്പാദിച്ചവനും ആയിരുന്നു. അതുകൊണ്ട് യഹൂദന്മാരോട് കാര്യകാരണങ്ങൾ സഹിതം ക്രിസ്തുവിനെ സുവിശേഷിക്കുവാൻ കഴിഞ്ഞു. യവന ചിന്താഗതികളും തത്വജ്ഞാനങ്ങളും യവന സംസ്കാരവും ചെറുപ്രായം മുതൽ പൗലോസിന് വശമായിരുന്നതിനാൽ പുറജാതികൾക്കുപോലും മനസ്സിലാകുന്ന ഭാഷയിൽ ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കാൻ സാധിച്ചു. രാഷ്ട്രീയമായി റോമ പൗരൻ എന്ന നിലയിൽ പൗലോസിനു ലഭിച്ച സ്ഥാനം സമൂഹത്തിലെ ഉന്നതങ്ങളിൽ ഉള്ളവരോട് സുവിശേഷം അറിയിക്കാൻ കഴിഞ്ഞു.

ക്രിസ്തീയ സഭയുടെ വളർച്ചയ്ക്കും ക്രൈസ്തവ സുവിശേഷ പ്രചാരണ വേലയ്ക്കും പൗലോസിന്റെ സേവനം അനിവാര്യമായിരുന്നതിനാൽ മശിഹാ അനന്യാസിനെ പൗലോസിന്റെ അടുക്കലേക്ക് അയച്ച് പൗലോസിനെ സ്നാനപ്പെടുത്തി ക്രിസ്തീയ സഭയുടെ അംഗമായി ചേർത്തു. പരിവർത്തനം വന്ന പൗലോസ് ക്രിസ്തീയ സഭയുടെ ഏഷ്യയിലെയും യൂറോപ്യൻ രാജ്യങ്ങളിലെയും വളർച്ചയ്ക്കു മുഖ്യ പങ്കുവഹിച്ചു.

കർത്തൃസേവനത്തിന് താൻ വിളിക്കപ്പെട്ടു എന്ന് പൗലോസ് വിശ്വസിച്ചു. യഹൂദന്മാർ അല്ലാത്തവരുടെ ഇടയിൽ സുവിശേഷം അറിയിക്കുക എന്നതിൽ അതീവ താല്പര്യം പൗലോസ് പ്രദർശിപ്പിച്ചു. ദൗത്യനിർവ്വഹണത്തിൽ അദ്ദേഹം റോമാ സാമ്രാജ്യം ഉടനീളം സഞ്ചരിച്ചു. മൂന്നു പ്രാവശ്യം താൻ മിഷനറി സഞ്ചാരം നടത്തി. സഭയോടുള്ള ബന്ധത്തിൽ പൗലോസിന്റെ പ്രവർത്തനം ബന്ധപ്പെട്ടിരുന്നു. കൂട്ടായ പ്രവർത്തനം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു.

ആകെ 14 ലേഖനങ്ങൾ പൗലോസ് പല സന്ദർശങ്ങളിലായി എഴുതിയിട്ടുണ്ട്. ഒന്നാം മിഷനറികാലത്ത് ഗലാത്യ ലേഖനവും. രണ്ടാം മിഷനറികാലത്ത് 1 തെസ്സ. 2 തെസ്സ. ലേഖനങ്ങളും. മൂന്നാം മിഷനറികാലത്ത് 1 കൊരി 2 കൊരി, റോമർ എന്നീ ലേഖനങ്ങളും തന്റെ കാരാഗൃഹകാ

ലത്ത് എഫേസ്യ, കൊലസ്യർ, ഫിലമോൻ, ഫിലിപ്യർ എന്നീ ലേഖനങ്ങളും ഇടയലേഖനങ്ങളായി 1 തിമോത്തിയോസ് 2 തിമോത്തിയോസ്, തീത്തോസ് എന്നിവയും ഗ്രന്ഥകർത്തൃത്വത്തെക്കുറിച്ച് സംശയം ഉന്നയിക്കപ്പെട്ടിട്ടുള്ള എബ്രായ ലേഖനവും പൗലോസ് എഴുതിയിട്ടുള്ളതാണ്.

ഇത്രമാത്രം ക്രിസ്തീയ വിശ്വാസത്തിന്റെ വളർച്ചയ്ക്കു കാരണഭൂതനായ പൗലോസിന്റെ അന്ത്യം ദുഃഖപൂർണ്ണമായിരുന്നു. എ.ഡി. 64 നും 68 നും മദ്ധ്യേ നീറോ ചക്രവർത്തിയുടെ പീഢന കാലത്ത് പൗലോസ് റോമയിൽ വച്ച് വധിക്കപ്പെട്ടു എന്നതാണ് സഭാ പാരമ്പര്യം. പീഢന കാലത്ത് റോമിലെ വിശ്വാസികളെ ധൈര്യപ്പെടുത്തുവാൻ പൗലോസ് റോമിൽ എത്തിയപ്പോൾ ക്രൈസ്തവ വിരോധികളായ നീറോയുടെ ആൾക്കാർ പൗലോസിനെ കാരാഗൃഹത്തിലടച്ചു. ചക്രവർത്തിയുടെ മുമ്പാകെ ഹാജരാക്കപ്പെട്ട പൗലോസിനെ ക്രിസ്തുവിനെ ഏററു പറഞ്ഞു എന്ന കാരണത്താൽ ജനക്കൂട്ടത്തിന്റെ ആഗ്രഹാനുസരണം വധ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കണം. പൗലോസ് റോമാ പൗരൻ ആകയാൽ നീചമായ രീതിയിൽ വധിക്കപ്പെട്ടില്ല ഒരു റോമാ പൗരന് യോഗ്യമാം വിധം പാരമ്പര്യ വിശ്വാസം അനുസരിച്ച് റോമാ നഗരത്തിന് അല്പം അകലെ ഓസ്ട്രിയായിക്ക് പോകുന്ന റോഡരികിൽ 'ത്രീ പൗണ്ടൻ' എന്നറിയപ്പെടുന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ വധശിക്ഷ നടപ്പാക്കി. ഇവിടെ നടവാതിൽ ഇല്ലാത്ത ഒരു പള്ളി സെൻറ് പോളിന്റെ നാമധേയത്തിൽ പണിയപ്പെട്ടിരിക്കുന്നു.

നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്ത് നീതിയുടെ കിരീടം പ്രാപിക്കും എന്ന പ്രത്യാശയോടെ ധൈര്യപൂർവ്വം മരണത്തെ അഭിമുഖീകരിച്ച് ദൈവത്തിന് സ്വയം ജീവനെ സമർപ്പിച്ച ഈ പരിശുദ്ധന്റെ പാവന സ്മരണകൾക്കു മുൻപിൽ കൃതജ്ഞതാപുരസ്സരം നമ്രശിരസ്കരാകുമ്പോൾ ആ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത നമുക്കേവർക്കും അഭയമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

★

# ഇരുളും നിഴലും

## ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

മോൻ പഠിച്ച് മിടുക്കനാകണം. നല്ലതുപോലെ അദ്ധ്വാനിച്ച് ജീവിക്കണം. ഒരിക്കൽ ഇളം തലമുറയ്ക്ക് നൽകിയ ഉപദേശമായിരുന്നു. എന്നാൽ ഇന്നിതു ചോർന്നു പോകുന്നു. എങ്ങനെയും പണവും പ്രൗഢിയും കരസ്ഥമാക്കൂ മാന്യമായ സ്ഥാ



നവും പ്രതാപവും നേടിയെടുക്കൂ ഇപ്പോൾ കുട്ടികളിൽ ഈ ആഹ്വാനമാണു കുത്തിവെയ്ക്കുന്നത്. പണത്തിനും സ്ഥാനത്തിനുമായുള്ള മത്സര ബുദ്ധിയും പ്രലോഭനചിന്തകളും നേഴ്സറിയിൽ ആരംഭിക്കുന്നു. അതോടെ സമ്പത്തിനോടും ആഡംബരത്തോടുമുള്ള അമിതമായ പ്രതിപത്തിക്ക് വേരുറയ്ക്കുന്നു.

ദ്രവ്യത്തോടുള്ള ആഗ്രഹം നൈസർഗ്ഗീകമാണു. സമ്പത്തും സ്ഥാനമാനങ്ങളും ആഗ്രഹിക്കുന്നതും മനുഷ്യസഹജമാണ്. എന്നാൽ സ്വാർത്ഥതയും കാപട്യവും ഇതിൽ പടകയുമ്പോൾ ദ്രവ്യാഗ്രഹമാകും. അയൽക്കാരനുള്ള യാതൊന്നിനേയും മോഹിക്കരുത് (പുറ. 20:17) എന്നുള്ള ദൈവീക കല്പനയ്ക്കു പിന്നിൽ 'സ്വന്തമാക്കണം.' എന്ന വ്യാമോഹത്തെയാണ് തടയുന്നത്. സ്ത്രീയെ നോക്കുന്നതിൽ കുഴപ്പമില്ല എന്നാൽ സ്വന്തമാക്കണം എന്ന മോഹത്തെ ക്രിസ്തുവും വിലക്കുന്നു (മത്താ 5:28)

സ്വാർത്ഥപരമായ മോഹവും സ്വന്തമാക്കാനുള്ള ആഗ്രഹവും, രൂക്ഷമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം വ്യാമോഹങ്ങൾ പാപത്തിലേക്കുള്ള വഴികളാണ്: ഇവ മനുഷ്യഹൃദയങ്ങളിൽ അസന്തുഷ്ടിയും സങ്കീർണ്ണതയും സൃഷ്ടിക്കുന്നു.

## സമ്പാദ്യ സ്വപ്നങ്ങൾ

ഇലക്ട്രാണിക് പ്രിൻറ് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? നിക്ഷേപങ്ങളെ ഇരട്ടിപ്പിക്കുന്ന പരസ്യ വാചകങ്ങളിൽ മനസ്സ് കുടുങ്ങിപ്പോകാറില്ലേ? നിക്ഷേപകർ നൽകുന്ന പണവും വിശ്വാസവും എഴുപതിരട്ടി വർദ്ധിപ്പിക്കാമെന്ന ഉറപ്പിൻ നാം പ്രലോഭിതരാകുന്ന് ദ്രവ്യത്തോടുള്ള ആഗ്രഹത്തെ ദ്രവ്യാഗ്രഹമാക്കി ഉത്തേജിപ്പിക്കുന്ന പരസ്യങ്ങൾ മാധ്യമങ്ങളിൽ ഇപ്പോൾ സാധാരണമാണു.

സ്വർണ്ണാഭരണളിൽ 'പൊതിഞ്ഞ' ജുവലറികളുടെ സ്ത്രീ സൗന്ദര്യവും ദ്രവ്യത്തോടും സ്വർണ്ണത്തോടുമുള്ള താല്പര്യം വർദ്ധിപ്പിക്കുന്നു. ബാങ്ക്, ആടുവളർത്തൽ, മാഞ്ചിയം, തേക്കുയൂണിററ് അക്കൗണ്ട് സ്കീം എന്നിവയുടെ പരസ്യങ്ങളും അധികം അദ്ധ്വാനിക്കാതെ ലഭ്യമാകുന്ന സമ്പാദ്യങ്ങളുടെ കണക്കു നിരത്തി നമ്മെ പ്രലോഭിപ്പിക്കുന്നു. ഇത്തരം സമ്പാദ്യ സ്വപ്നങ്ങളിൽ ക്രിസ്തീയ മൂല്യങ്ങളും പ്രമാണങ്ങളും മരിച്ചുവീഴുന്നില്ലേ?

ദൈവത്തെ ആഗ്രഹിക്കുന്നത് 'ക്രിസ്തീയത' എന്നാൽ ദ്രവ്യത്തെ മാത്രം ആഗ്രഹിക്കുന്നത് ദുരാഗ്രഹം. നാം ദൈവത്തെയും ദ്രവ്യത്തെയും ഒന്നിച്ച് സ്നേഹിക്കുന്നില്ലേ? ദ്രവ്യത്തിനുവേണ്ടി ദൈവത്തെ സ്നേഹിക്കുന്നവരും ആവശ്യത്തിലധികം ദ്രവ്യം ലഭിച്ചു കഴിയുമ്പോൾ 'ജോലി രാജി വെച്ച്' ദൈവത്തിനായി ജീവിക്കുന്നവരും ഇല്ലേ? സമ്പന്നനായി ജീവിക്കുകയും വിഭവങ്ങൾ പങ്കിടാതിരിക്കുകയും ചെയ്യുന്നില്ലേ.

ധനാഢ്യനാകണമെന്ന ഉത്കടമായ അഭിവാഞ്ഛയാണു ദ്രവ്യാഗ്രഹത്തിനു കാരണം. സമ്പന്നൻ കൂടുതൽ സമ്പന്നനാകുമ്പോൾ ദരിദ്രൻ സമ്പന്നനോളം എത്താൻ കിടഞ്ഞു പരിശ്രമിക്കുന്നു. പക്ഷെ സമ്പന്നനെ സഹായിക്കുന്ന സാമൂഹ്യക്രമമാണ് നിലവിലുള്ളത്. ദരിദ്രന്റെ പക്ഷം ചേരുവാൻ 'വിശ്വാസികൾക്കോ' സഭകൾക്കോ കഴിയാതെ വരുന്നു, ഇവിടെയും തഴപ്പെടുന്നത് ക്രിസ്തുവിന്റെ താഴ്മയുടെ (Self emptying) മാതൃകയാണു.

## സാമ്പത്തിക ഭദ്രതയോ?

ദരിദ്രലോകത്ത് സമ്പന്നനായിരിക്കുന്നതു പാപമാണെന്ന് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത തറപ്പിച്ചു പറയുന്നുണ്ട്. എന്നാൽ ദരിദ്ര ലോകത്തിലെ ദരിദ്രർക്കും സമ്പത്തിനോടുള്ള ആസ്തിയാണു വർദ്ധിക്കുന്നത്. എവിടെയും സമ്പത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികതയും പ്രകാശിക്കുന്നു. ഇത് വാണിജ്യവത്ക്കരിക്കപ്പെടുന്ന ജീവിത ശൈലിയുടെ പ്രകടമായ ഭാവമാണ്.

'ദ്രവ്യവും ഭൗതിക സൗഖ്യങ്ങളും' ലഭ്യമാകുന്നതിനുള്ള ഉപവാസയക്നങ്ങളും പ്രാർത്ഥനാകൂട്ടങ്ങളും വളർന്നുവന്നില്ലേ? ജനത്തിരക്കേറിയ പ്രാർത്ഥനാ സമ്മേളനങ്ങളിൽ ഭക്തിപ്രഭ ചൊരിയുന്നില്ലേ? ഉദ്ദിഷ്ട കാര്യസിദ്ധിക്കായുള്ള പ്രാർത്ഥനകളുടെ പിമ്പിലുള്ള അടിസ്ഥാന ആവശ്യവും 'സാമ്പത്തിക ഭദ്രത' യല്ലേ? ഓർക്കുക സമ്പത്തിനോടുള്ള അമിതമായ പ്രതിപത്തി ക്രിസ്തീയ പ്രമാണങ്ങൾക്കു ചേർന്നതല്ല! ജനങ്ങളെ സമ്പത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ച് നിരീക്ഷിക്കുന്നതും ഉചിതമല്ല

സഭയും സമൂഹവും ജനങ്ങളെ സാമ്പത്തികം നോക്കി വേർതിരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. ഇത്തരം വർഗ്ഗീകരണം ജനങ്ങളെ സഭയിൽ നിന്നുപോലും അകറ്റുന്നു. ദൈവത്തിന്റെ മുമ്പിൽ ഇത്തരം വേർതിരിവോ? ഇതു കഠിനതരവും കൈപ്പേറിയതുമായ മാനസിക ക്ഷോഭം മാത്രമെ സൃഷ്ടിക്കൂ. നന്മയുടെ പൂക്കൾ മനസ്സിൽ വിരിയുവാൻ ദ്രവ്യാഗ്രഹത്തിൽ നിന്നും സ്വതന്ത്രമായേ മതിയാകൂ.

### 1 നിസ്വാർത്ഥമായ ചിന്തകൾ സ്വരൂപിക്കുക.

അമിതമായ ദ്രവ്യാഗ്രഹത്തിൽനിന്നുള്ള മോചനത്തിനു നിസ്വാർത്ഥമായ ചിന്തകൾ അനിവാര്യമാണ്. ഇതിന്റെ പ്രഫുല്ലതയാണ് സ്വാർത്ഥ രഹിതമായ ജീവിതം, സ്വാർത്ഥതയറ്റ പ്രതീക്ഷകളും പ്രവർത്തികളും പുരോഗതിയുടെ ഭാഗമാണ് തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കാനും കൂട്ടുകാരനുവേണ്ടി ജീവൻ നൽകാനും നിസ്വാർത്ഥ മനോഭാവം ഉണ്ടാകണം. ജീവിത



ത്തിന്റെ ഏതു മേഖലയിലും നിസ്വാർത്ഥത സ്ഥായിയായിർദ്ധിക്കണം. കൂടിലവും വക്രബുദ്ധി നിറഞ്ഞതുമായ മനസ്സ് ദ്രവ്യാഗ്രഹത്തിലേക്കെ നീങ്ങൂ. അങ്ങാടിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും അത്താഴത്തിൽ പ്രഥമസ്ഥാനവും ഇക്കൂട്ടർ ആഗ്രഹിച്ചുപോകും. പ്രതിബദ്ധതയും സമർപ്പണവും നീതിനിഷ്ഠമായ പ്രവർത്തിയും അന്യമായിരിക്കും. ശാന്തമായ മനസ്സും പ്രസന്നമായ മുഖവും നിസ്വാർത്ഥതയുടെ പ്രതീകമാകണം. സ്വയത്തെ മറക്കുന്ന ചിന്തകൾ സ്വരൂപിക്കൂ അമിതമായ ദ്രവ്യാഗ്രഹത്തെ കടിഞ്ഞാണിടൂ. മനസ്സ് ശാന്തമാകട്ടെ.

### 2. മാനവരാശിയുടെ നന്മക്കായി ആഗ്രഹിക്കുക.

സ്വയം കേന്ദ്രീകൃത സ്വഭാവവും ഇടുങ്ങിയ മനസ്ഥിതിയും സുഖാസക്തിയിൽ ജീവിക്കുവാൻ പ്രേരിതമാകുന്നു. എന്നാൽ ദൈവകേന്ദ്രീകൃതമായ സ്വഭാവം മാനവരാശിയുടെ നന്മയെ ലക്ഷ്യമാക്കുന്നു. ഇവിടെ ദുരാഗ്രഹവും ദ്രവ്യാഗ്രഹവും ശിഥിലമാകുന്നു. തനിക്കു ലഭിച്ചിരിക്കുന്ന സമ്പത്തും അവസരങ്ങളും മറ്റുവരുടെ നന്മക്കായി ഉപയോഗിക്കുവാൻ സന്നദ്ധമാകുന്നു. നന്മയിലേക്കുള്ള വളർച്ച ആഗ്രഹങ്ങളെ ചെറുമയാക്കുന്നു, ആശങ്കയും ഭയവും ഇല്ലാതാകും അത് സ്നേഹത്തിന്റെയും നീതിയുടെയും ത്യാഗത്തിന്റെയും അടിസ്ഥാനത്തിൽ പണിതുയർത്തുന്ന ജീവിതമാകും. നമ്മുടെ സുഗന്ധ ചിന്തകളിൽ വ്യാപരിക്കും. മനസ്സിൽനിന്നും ഉയരുന്നത് ദൈവീകതയാകും. സത്യസന്ധതയും ദാനശീലവും വിസ്മരിച്ച് ദ്രവ്യാഗ്രഹവും സുഖലോലുപതവും മാത്രം ആഗ്രഹിക്കുന്ന ജീവിത ശൈലി മാറ്റപ്പെടേണ്ടതാണു. മാനവരാശിയുടെ നന്മക്കായുള്ള അഭിവാഞ്ചയും ത്യാഗസന്നദ്ധതയും ദ്രവ്യാഗ്രഹം അകറ്റുന്നു.

### 3 ലഭ്യമായ ദൈവീക ദാനങ്ങൾ പങ്കിടുക

നമുക്ക് ലഭ്യമായ സമ്പത്തും സമൃദ്ധിയും ദൈവികദാനമായി കരുതണം. നിരന്തരമായി അദ്ധ്വാനിക്കുന്ന മനസ്സും ബുദ്ധിയും നന്മയെ ലക്ഷ്യമാക്കണം. പ്രകൃതി വിഭവങ്ങൾ പങ്കിടുന്നതുപോലെ ലഭ്യമായദാനങ്ങൾ പങ്കിടണം. പങ്കിടിൽ രണ്ടുതരത്തിൽ വരാം. ഒന്നു കൊടുക്കൽ (giving) തിരികെ പ്രതീക്ഷിക്കുന്നതാണ് കൊടുക്കൽ ഒരാൾക്ക് എന്തെങ്കിലും ഒന്നു കൊടുക്കുമ്പോൾ, കൊടുക്കുന്നതോ, അതിനുപകരമുയി മറ്റൊന്നോ ലഭിക്കണം എന്നുള്ള ചിന്തയാണിത്. ക്രിസ്തീയത ഇതിലല്ല. ഇത്തരം 'കൊടുക്കൽ' സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനു ഉപകരിക്കുന്നവയാകണം. രണ്ട്: പങ്കിടിൽ (Sharing) തനിക്ക് ലഭ്യമായത് സ്വന്തയിഷ്ടപ്രകാരം അന്യനു പങ്കിടുന്നു. സ്വാർ

ധനാഢ്യനാകണമെന്ന ഉത്കടമായ അഭിവാഞ്ഛയാണു ദ്രവ്യാഗ്രഹത്തിനു കാരണം. സമ്പന്നൻ കൂടുതൽ സമ്പന്നാകുമ്പോൾ ദരിദ്രൻ സമ്പന്നനോളം എത്താൻ കിടഞ്ഞു പരിശ്രമിക്കുന്നു. പക്ഷെ സമ്പന്നനെ സഹായിക്കുന്ന സാമൂഹ്യക്രമമാണ് നിലവിലുള്ളത്. ദരിദ്രന്റെ പക്ഷം ചേരുവാൻ 'വിശ്വാസികൾക്കോ' സഭകൾക്കോ കഴിയാതെ വരുന്നു, ഇവിടെയും തഴപ്പെടുന്നത് ക്രിസ്തുവിന്റെ താഴ്മയുടെ (Self emptying) മാതൃകയാണു.

## സാമ്പത്തിക ഭദ്രതയോ?

ദരിദ്രലോകത്ത് സമ്പന്നനായിരിക്കുന്നതു പാപമാണെന്ന് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത തറപ്പിച്ചു പറയുന്നുണ്ട്. എന്നാൽ ദരിദ്ര ലോകത്തിലെ ദരിദ്രർക്കും സമ്പത്തിനോടുള്ള ആസക്തിയാണു വർദ്ധിക്കുന്നത്. എവിടെയും സമ്പത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികതയും പ്രകാശിക്കുന്നു. ഇത് വാണിജ്യവത്ക്കരിക്കപ്പെടുന്ന ജീവിത ശൈലിയുടെ പ്രകടമായ ഭാവമാണ്.

'ദ്രവ്യവും ഭൗതിക സൗഖ്യങ്ങളും' ലഭ്യമാകുന്നതിനുള്ള ഉപവാസയജ്ഞങ്ങളും പ്രാർത്ഥനാകൂട്ടങ്ങളും വളർന്നുവന്നില്ലേ? ജനത്തിരക്കേറിയ പ്രാർത്ഥനാസമ്മേളനങ്ങളിൽ ഭക്തിപ്രഭ ചൊരിയുന്നില്ലേ? ഉദ്ദിഷ്ട കാര്യസിദ്ധിക്കായുള്ള പ്രാർത്ഥനകളുടെ പിമ്പിലുള്ള അടിസ്ഥാന ആവശ്യവും 'സാമ്പത്തിക ഭദ്രത'യല്ലേ? ഓർക്കുക സമ്പത്തിനോടുള്ള അമിതമായ പ്രതിപത്തി ക്രിസ്തീയ പ്രമാണങ്ങൾക്കു ചേർന്നതല്ല! ജനങ്ങളെ സമ്പത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ച് നിരീക്ഷിക്കുന്നതും ഉചിതമല്ല

സഭയും സമൂഹവും ജനങ്ങളെ സാമ്പത്തികം നോക്കി വേർതിരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. ഇത്തരം വർഗ്ഗീകരണം ജനങ്ങളെ സഭയിൽ നിന്നുപോലും അകററുന്നു. ദൈവത്തിന്റെ മുമ്പിൽ ഇത്തരം ചേരിതിരിവോ? ഇതു കഠിനതരവും കൈപ്പേറിയതുമായ മാനസിക ക്ഷോഭം മാത്രമെ സൃഷ്ടിക്കൂ. നന്മയുടെ പൂക്കൾ മനസ്സിൽ വിരിയുവാൻ ദ്രവ്യാഗ്രഹത്തിൽ നിന്നും സ്വതന്ത്രമായേ മതിയാകൂ.

## 1 നിസ്വാർത്ഥമായ ചിന്തകൾ സ്വരുപിക്കുക.

അമിതമായ ദ്രവ്യാഗ്രഹത്തിൽനിന്നുള്ള മോചനത്തിനു നിസ്വാർത്ഥമായ ചിന്തകൾ അനിവാര്യമാണ്. ഇതിന്റെ പ്രഫുല്ലതയാണ് സ്വാർത്ഥ രഹിതമായ ജീവിതം, സ്വാർത്ഥതയററ പ്രതീക്ഷകളും പ്രവർത്തികളും പുരോഗതിയുടെ ഭാഗമാണ് തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കാനും കൂട്ടുകാരനുവേണ്ടി ജീവൻ നൽകാനും നിസ്വാർത്ഥ മനോഭാവം ഉണ്ടാകണം. ജീവിത



ത്തിന്റെ ഏതു മേഖലയിലും നിസ്വാർത്ഥത സ്ഥായിയായിർദ്ധിക്കണം. കുടിലവും വക്രബുദ്ധി നിറഞ്ഞതുമായ മനസ്സ് ദ്രവ്യാഗ്രഹത്തിലേക്കെ നീങ്ങൂ. അങ്ങാടിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും അത്താഴത്തിൽ പ്രഥമസ്ഥാനവും ഇക്കൂട്ടർ ആഗ്രഹിച്ചപോകും പ്രതിബദ്ധതയും സമർപ്പണവും നീതിനിഷ്ഠമായ പ്രവർത്തിയും അന്യമായിരിക്കും. ശാന്തമായ മനസ്സും പ്രസന്നമായ മുഖവും നിസ്വാർത്ഥതയുടെ പ്രതീകമാകണം. സ്വയത്തെ മറക്കുന്ന ചിന്തകൾ സ്വരൂപിക്കൂ അമിതമായ ദ്രവ്യാഗ്രഹത്തെ കടിഞ്ഞാണിടൂ. മനസ്സ് ശാന്തമാകട്ടെ.

## 2. മാനവരാശിയുടെ നന്മക്കായി ആഗ്രഹിക്കുക.

സ്വയം കേന്ദ്രീകൃത സ്വഭാവവും ഇടുങ്ങിയ മനസ്ഥിയും സുഖാസക്തിയിൽ ജീവിക്കുവാൻ പ്രേരിതമാകുന്നു. എന്നാൽ ദൈവകേന്ദ്രീകൃതമായ സ്വഭാവം മാനവരാശിയുടെ നന്മയെ ലക്ഷ്യമാക്കുന്നു. ഇവിടെ ദുരാഗ്രഹവും ദ്രവ്യാഗ്രഹവും ശിഥിലമാകുന്നു. തനിക്കു ലഭിച്ചിരിക്കുന്ന സമ്പത്തും അവസരങ്ങളും മററുവരുടെ നന്മക്കായി ഉപയോഗിക്കുവാൻ സന്നദ്ധമാകുന്നു. നന്മയിലേക്കുള്ള വളർച്ച ആഗ്രഹങ്ങളെ ചെറുമയാക്കുന്നു, ആശങ്കയും ഭയവും ഇല്ലതാകും. അത് സ്നേഹത്തിന്റെയും നീതിയുടെയും ത്യാഗത്തിന്റെയും അടിസ്ഥാനത്തിൽ പണിതുയർത്തുന്ന ജീവിതമാകും. നമ്മുടെ സുഗന്ധ ചിന്തകളിൽ വ്യാപരിക്കും മനസ്സിൽനിന്നും ഉയരുന്നത് ദൈവീകതയാകും. സത്യസന്ധതയും ദാനശീലവും വിസ്മരിച്ച് ദ്രവ്യാഗ്രഹവും സുഖലോലും പദവും മാത്രം ആഗ്രഹിക്കുന്ന ജീവിത ശൈലി മാററപ്പെടേണ്ടതാണു. മാനവരാശിയുടെ നന്മക്കായുള്ള അഭിവാഞ്ഛയും ത്യാഗസന്നദ്ധതയും ദ്രവ്യാഗ്രഹം അകററുന്നു.

## 3 ലഭ്യമായ ദൈവീക ദാനങ്ങൾ പങ്കിടുക

നമുക്ക് ലഭ്യമായ സമ്പത്തും സമൃദ്ധിയും ദൈവികദാനമായി കരുതണം. നിരന്തരമായി അദ്ധ്വാനിക്കുന്ന മനസും ബുദ്ധിയും നന്മയെ ലക്ഷ്യമാക്കണം. പ്രകൃതി വിഭവങ്ങൾ പങ്കിടുന്നതുപോലെ ലഭ്യമായദാനങ്ങൾ പങ്കിടണം. പങ്കിടീൽ രണ്ടുതരത്തിൽ വരാം. ഒന്നു കൊടുക്കൽ (giving) തിരികെ പ്രതീക്ഷിക്കുന്നതാണ് കൊടുക്കൽ ഒരാൾക്ക് എന്തെങ്കിലും ഒന്നു കൊടുക്കുമ്പോൾ, കൊടുക്കുന്നതോ, അതിനുപകരമായി മറെറാന്നോ ലഭിക്കണം എന്നുള്ള ചിന്തയാണിത്. ക്രിസ്തീയത ഇതിലല്ല. ഇത്തരം 'കൊടുക്കൽ' സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു ഉപകരിക്കുന്നവയാകണം. രണ്ട്: പങ്കിടിൽ (Sharing) തനിക്ക് ലഭ്യമായത് സ്വന്തയിഷ്ടപ്രകാരം അന്യനു പങ്കിടുന്നു. സ്വാർ

## അവാർഡ് ലഭിച്ചു



ഫാ. റ്റി. വി. ജോർജ് നെടുമവേ് സ്മാരക അവാർഡിനു
ഫാ. ജോൺതോമസ് കരിങ്ങാട്ടിൽ അർഹനായി.
'ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ ദൗത്യം ഇരുപത്തിയൊന്നാം നൂററാ
ണ്ടിൽ' എന്ന പ്രബന്ധത്തിനു 750 രൂപയാണു അവാർഡ്. ദേവലോകം അ
രമനയിൽ നടന്ന ചടങ്ങിൽ പ. കാതോലിക്കാ ബാവാ അവാർഡ് സമ്മാനിച്ചു.
മധുരയിൽ 'കമ്മ്യൂണിക്കേഷനിൽ' ഉപരിപഠനം നടത്തുന്ന അച്ചൻ
പന്തളം സ്വദേശിയാണ്.

---

ത്ഥതയോ ലാഭേച്ഛയോ ഇതി ലില്ല. തിരികെ കിട്ടണം എന്ന വ്യവസ്ഥയുമില്ല മററുള്ളവരുടെ നന്മക്കായി, സമൂഹത്തിന്റെ ക്ഷേമത്തിനായി 'പങ്കിടുന്ന' മാതൃകയാണിത്. ആദിമ സഭ പഠിപ്പിച്ചിരുന്നത് 'കൊടുക്കൽ' അല്ല 'പങ്കിടീൽ' അത്രേ.

വിഭവങ്ങൾ പങ്കിടാതെ-സമ്പാദ്യങ്ങൾ—കൂട്ടിവെച്ച് ഇരട്ടിക്കിരട്ടിയാക്കണമെന്നത് ദുരാഗ്രഹമാണ്. അന്യായാർജ്ജിതമായ സ്വത്തു പരപ്രേരണ കൂടാതെ പങ്കുവെച്ചാണ് സക്കായി ശിഷ്യത്വം സ്വീകരിക്കുന്നത്. 'വസ്തുവകയിൽ പകുതി ദരിദ്രർക്കു കൊടുക്കുന്നു. ചതിവായി വാങ്ങിയതിന്റെ 'നാലുമടങ്ങ്' മടക്കിക്കൊടുക്കുന്നു. (ലൂക്കോ; 19:8) പങ്കിടുന്ന മനസ്ഥിതി ശിഷ്യത്വത്തിന്റെ പ്രത്യേകതയാകണം. എന്നാൽ കഠിനാദ്ധ്വാനം ചെയ്തു നീതിപൂർവ്വം സമ്പാദിച്ചതേ പങ്കുവയ്ക്കാവൂ. അതിൽ നിന്നു ലഭ്യമാകുന്ന ആത്മസംതൃപ്തി അത്യുദാത്തമാണ്. കള്ളപ്പണവും കുഴൽപ്പണവും ദീക്ഷാദാനം ചെയ്യാനിടയാകരുത്. പങ്കിടുന്ന മനോഭാവം ദ്രവ്യാഗ്രഹത്തിൽ നിന്നും നമ്മെ വിമുക്തമാക്കുന്നു. മനസിനെ ശുദ്ധീകരിക്കുന്നു. അപ്പോൾ നമുക്ക് ശാന്തമായി ഉറങ്ങുവാൻ കഴിയുന്നു.

'ദുരാഗ്രഹി തന്റെ ഭവനത്തെ വലയ്ക്കുന്നു.
കോഴ വെറുക്കുന്നവനോ ജീവിച്ചിരിക്കും.
(സദൃശ്യ: 15.27)

★



## ഒന്നാം സ്ഥാനം നേടി



അടൂർ വച്ച് നടന്ന സണ്ടേസ്കൂൾ സോണൽ മത്സരത്തിൽ സീനിയർ വിഭാഗത്തിൽ സംഗീതത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കുമാരി അനു പി. വർഗീസ്. പിരളശ്ശേരി പൈനും മൂട്ടിൽ ശ്രീ. പി. വി. വർഗീസിന്റെ പുത്രിയായ അനു, പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിലെ മാർ ബസേലിയോസ് സണ്ടേസ്കൂൾ 9-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്.

### പാരീഷ് മിഷൻ

ചെങ്ങന്നൂർ ഭദ്രാസനത്തിലെ വൈദീക സെമിനാരി വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ മദ്ധ്യവേനൽ അവധികാലത്ത് വിവിധ ഇടവകകളിൽ നടത്തിവരുന്ന പാരിഷ് മിഷൻ ഈ വർഷവും നടത്തുന്നതായിരിക്കും. ഭവന സന്ദർശനം, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള ക്ലാസ്സുകൾ, സംഗീത പരിശീലനം, ഫിലിംഷോ, സുവിശേഷ പ്രസംഗങ്ങൾ മുതലായവയാണ് പരിപാടി. താൽപര്യമുള്ള ഇടവകകൾ കൂടുതൽ വിവരത്തിനായി താഴെ പറയുന്ന അഡ്രസ്സിൽ ബന്ധപ്പെടുക.

ജിബു ഫിലിപ്പ്
ഓർത്തഡോക്സ് വൈദീക സെമിനാരി,
P. O. BOX 98.
കോട്ടയം—1

# ഭദ്രാസന വാർത്തകൾ

## സമ്മാനം നേടി

പന്തളം: മർത്തമറിയം സമാജം കേന്ദ്രപരീക്ഷയിൽ പന്തളം ഡിസ്ട്രിക്ടിൽ സീനിയർ വിഭാഗത്തിൽ ഏലിയാമ്മ ജോൺ കരിങ്ങാട്ടിൽ ഒന്നാം സ്ഥാനവും ജൂണിയർ വിഭാഗത്തിൽ സിനി ജോൺ കരിങ്ങാട്ടിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. അറത്തിൽ സെന്റ് ജോർജ് ഇടവകാംഗങ്ങളാണ്.

## പെരുന്നാൾ

കുടശ്ശനാട് വി. സ്തേഫാനോസ് സഹദായുടെ ഓർമ്മ പെരുന്നാൾ ജനുവരി 22, 23 തീയതികളിൽ കുടശ്ശനാട് സെ. സ്റ്റീഫൻസ് കത്തീഡ്രലിൽ സമുചിതമായി ആഘോഷിക്കുകയാണ്. പ. കാതോലിക്കാ ബാവാ, അഭിവന്ദ്യരായ തോമസ് മാർ അത്താനാസിയോസ് മാത്യൂസ് മാർ എപ്പിഫാനിയോസ്, പൗലോസ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാർ ഈ വർഷത്തെ പെരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്നതാണ്. പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് സ്മാരക മന്ദിരം'' കൂദാശയും, സെ. ഗ്രീഗോറിയോസ് കുരിശിൻ സൗധ കൂദാശയും പ: കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നതാണ്. റാസ, നേർച്ച വിളമ്പ് എന്നിവയും, ഉണ്ടായിരിക്കുമെന്ന് വികാരി ഫാദർ. മാത്യു വറുഗീസ് അറിയിച്ചു.

## സണ്ടേസ്കൂൾ ഉദ്ഘാടനം

കുടശ്ശനാട്: ചെങ്ങന്നൂർ ഭദ്രാസനത്തിൽ കുടശ്ശനാട് സെ. സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ഈ വർഷം പുതിയതായി തവളംകുളം ഭാഗത്ത് സെ. മേരീസ് എന്ന നാമധേയത്തിൽ പുതിയ ഒരു സണ്ടേസ്കൂൾ ഇടവക വികാരി ഫാദർ. മാത്യു വറുഗീസ് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ശ്രീ. കെ. ജി. ദാനിയേൽ ശ്രീ. കെ. കെ. ചാക്കോ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. കുഴിവിളയിൽ ശ്രീ. കെ. വി. തോമസാണ് പുതിയ സണ്ടേസ്കൂളിന്റെ ഹെഡ്മാസ്റ്റർ. ക്ലാസ്സുകൾ ജനുവരി 15-ാം തീയതി ആരംഭിക്കും എന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു.

## കുഷ്ഠരോഗാശുപത്രി സന്ദർശനം

ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 10-ാം തീയതി നൂറനാട് കുഷ്ഠരോഗാശുപത്രിയിൽ പ്രവർത്തകർ സന്ദർശിച്ചു. ഭദ്രാസന സെക്രട്ടറി ശ്രീ. ജേക്കബ് ഉമ്മന്റെ നേതൃത്വത്തിൽ 14 യൂണിറ്റുകളിൽ നിന്നും 36 പ്രതിനിധികൾ സംബന്ധിച്ചു. 450 ഭക്ഷണപ്പൊതികളും വസ്ത്രങ്ങളും രോഗികൾക്ക് വിതരണം ചെയ്തു.



## സീനിയർ ഫ്രണ്ട്സ്

ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസന തലത്തിൽ സീനിയർ ഫ്രണ്ട്സ് ഓഫ് യൂത്ത് മൂവ്മെന്റ് എന്ന പേരിൽ പ്രസ്ഥാനത്തിന്റെ മുൻകാല പ്രവർത്തകരെ സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. പ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിച്ച ശേഷം ഇപ്പോൾ നാട്ടിലും വിദേശത്തുമായി ജോലി ചെയ്യുന്നവർ വിശ്രമ ജീവിതം നയിക്കുന്നവർ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ ജനുവരി 31 നകം ഭദ്രാസന സെക്രട്ടറിയുടെ പേർക്ക് (ജേക്കബ് ഉമ്മൻ ചാരുനിൽക്കുന്നതിൽ, മുളക്കുഴ-689505) അയക്കേണ്ടതാണ്. പേര്, വിലാസം, പ്രായം ജോലി, ഇടവക, പ്രസ്ഥാനത്തിൽ പ്രവർത്തിച്ച കാലം, വഹിച്ചിട്ടുള്ള ചുമതലകൾ എന്നിവ വ്യക്തമായി എഴുതിയിരിക്കണം.

## നേതൃത്വ പരിശീലനം

യുവജന പ്രസ്ഥാനം ഭദ്രാസന നേതൃത്വ പരിശീലനം ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിൽ നടത്തി: വി. കുർബ്ബാനയ്ക്ക് ശേഷം, റവ. ഫാ. ജോൺ പോളിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രാരംഭ സമ്മേളനം ഇടവക വികാരി റവ. ഫാ. കെ. ജി. ചെറിയാൻ ഉദ്ഘാടനം ചെയ്തു. പ്രസ്ഥാനം ജനറൽ സെക്രട്ടറി റവ. ഫാ. ജോബ്സൺ കോട്ടപ്പുറം ക്ലാസ്സെടുത്തു. ശ്രീ റ്റി. തോമസ് മണലിൽ സ്വാഗതവും ശ്രീ. ഷിബു മാത്യു കൃതജ്ഞതയും പറഞ്ഞു.

ഉച്ചയ്ക്കു ശേഷം നടന്ന സമ്മേളനത്തിൽ തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജ് പ്രൻസിപ്പൽ ശ്രീ അലക്സാണ്ടർ ജേക്കബ് ഐ പി. എസ് ക്ലാസ്സെടുത്തു. പരിപാടിയിൽ ആദ്യാവസാനം നിരവധി വൈദികർ മുൻകാല പ്രവർത്തകർ എന്നിവർ പ്രവർത്തകരോടൊപ്പം സംബന്ധിച്ചു. ഭദ്രാസന സെക്രട്ടറി ശ്രീ, ജേക്കബ് ഉമ്മൻ സ്വാഗതവും സെന്റ് ഇഗ്നേഷ്യസ് യൂണിറ്റ് സെക്രട്ടറി ശ്രീ സന്തോഷ് കോശി നന്ദിയും പറഞ്ഞു.

---

## അനുശോചനം

മുൻ രാഷ്ട്രപതി ഗ്യാനി സെയിൽ സിംഗിന്റെ ദേഹവിയോഗത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി അനുശോചനം രേഖപ്പെടുത്തി.

രാഷ്ട്രത്തിന്റെ അഖണ്ഡതക്കും മത സൗഹാർദ്ദ സംരക്ഷണത്തിനും അക്ഷീണം യത്നിച്ച ഉത്തമനും ഉന്നതനുമായ രാജ്യ സ്നേഹിയായിരിന്നു അദ്ദേഹം.

ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്ന അദ്ദേഹത്തിന്റെ വേർപാട് രാഷ്ട്രത്തിനും ന്യൂനപക്ഷങ്ങൾക്കും തീരാ നഷ്ടമാണെന്നു പ. ബാവാ പറഞ്ഞു.

---

## രജതജൂബിലി ആഘോഷിച്ചു.

കുട്ടംപേരൂർ സീയോൻപുരം സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ ഒരു വർഷം നീണ്ടുനിന്ന രജതജൂബിലിയാഘോഷങ്ങൾ സമംഗളം പര്യവസാനിച്ചു. ജുബിലിയാഘോഷങ്ങളുടെ ഭാഗമായി മെഡിക്കൽ ക്യാമ്പ്, ക്വിസ് മത്സരം, ദീപശിഖാ പ്രയാണം എന്നിവ നടത്തപ്പെട്ടു. 18-ാം തീയതി അഭിവന്ദ്യ മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രപ്പോലീത്താ വി. കുർബാനയ്ക്ക് ശേഷം ഇടവകയുടെ വകയായി പണികഴിപ്പിച്ചു നൽകുന്ന ഭവനത്തിൻെറ കൂദാശ നിർവ്വഹിച്ചു. അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉൽഘാടന സമ്മേളനത്തിൽ ശ്രീമാന്മാരായ എ. കെ. തോമസ്, എം. മുരളി എം. എൽ. എ. നവോദയാ സ്കൂൾ പ്രിൻസിപ്പൽ സി സി. ജോൺ, ബാലസുന്ദരപ്പണിക്കർ, ശ്രീമതി അക്കാമ്മ പോൾ എന്നിവർ പ്രസംഗിച്ചു.

19-ാം തീയതി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മത സൗഹാർദ്ദ സമ്മേളനം എൻ എസ്. എസ്, ജനറൽ സെക്രട്ടറി ശ്രീ. പി. കെ. നാരായണപ്പണിക്കർ ഉൽഘാടനം ചെയ്തു. വെരി. റവ. പി. ജി. ജോർജ് കോർ എപ്പിസ്ക്കോപ്പാ, ആററിങ്ങൽ ജബ്ബാർ മൗലവി, സ്വാമി ശ്രദ്ധാനന്ദ, ശ്രീ വിളയിൽ രാമകൃഷ്ണപ്പണിക്കർ, അഡ്വ. കെ. ഗോദവർമ്മ രാജാ, ശ്രീ പി. കെ. രാമദാസ്, ശ്രീ മാന്നാർ അബ്ദുൾ ലത്തീഫ് എന്നിവർ പ്രസംഗിച്ചു.

20-ാം തീയതി അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിക്കുകയും ജൂബിലി സ്മാരക ഓഡിറേറാറിയത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു. അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം മുൻ മന്ത്രി ശ്രീ പി. ജെ. ജോസഫ് ഉൽഘാടനം ചെയ്തു. ശ്രീമാന്മാരായ പി. സി, ഏബ്രഹാം, രമേശ് ചെന്നിത്തല എം. പി., ജേക്കബ് തോമസ് അരികുപുറം എന്നിവർ പ്രസംഗിച്ചു: ശ്രീ പി. സി ജോസഫ് സ്വാഗതവും ശ്രീ ഒ. എം. പുന്നൂസ് കൃതഞ്ജതയും പറഞ്ഞു. ജൂബിലിയുടെ നടത്തിപ്പിലേക്ക് വികാരി റവ ഫാ. സി. ജെ. ജോർജ് പി. സി. ജോസഫ്, എം. സി. തോമസ്; പി. കെ. ജോൺ, ഒ. എം. പുന്നൂസ് എന്നിവരുൾപ്പെട്ട കമ്മററികൾ സേവനമനുഷ്ടിച്ചു.





## ബാലപത്രിക

സ്നേഹമുള്ള കൂട്ടുകാരെ,

ഐശ്വര്യ പൂർണ്ണവും സന്തോഷപ്രദവുമായ ഒരു പുതുവത്സരത്തിനുള്ള ആശംസകൾ ആദ്യമായി അർപ്പിക്കട്ടെ!

ജനുവരി മാസത്തിന് ആ പേരു കിട്ടിയത് എങ്ങനെയെന്ന് കൂട്ടുകാർക്കറിയാമോ?

'ജാനസ്' എന്ന ഗ്രീക്കുദേവതയാണ് ഈ പേരിനാധാരം. ജാനസിന് മുമ്പിലും പിറകിലും കണ്ണുകൾ ഉണ്ടെന്നുള്ള ഒരു പ്രത്യേകതയുണ്ട്.

അതുപോലെ ജനുവരിമാസത്തിൽ നമുക്ക് മുമ്പോട്ടും പിമ്പോട്ടും കണ്ണുകൾ ഉണ്ടായിരിക്കണം. കഴിഞ്ഞ വർഷമുണ്ടായ പരാജയങ്ങളും തെററുകളും ആവർത്തിക്കാതെ പുതിയ വർഷത്തിൽ വിജയത്തിൻെറയും നല്ല ജീവിതത്തിൻെറയും കഥകൾ രചിക്കാം. പുതിയ വർഷത്തിൽ നിങ്ങൾ പിന്തുടരേണ്ട ചില കാര്യങ്ങൾ പറയാം.

നല്ലവാക്കുകൾ മാത്രം സംസാരിക്കുക. കൂട്ടുകാരോടും നാട്ടുകാരോടും മധുരമായി സംസാരിക്കുക, ആരേയും ദുഷിച്ച് ഒരിക്കലും സംസാരിക്കാതിരിക്കുക, നല്ലതു പറയുന്നവരെ എല്ലാവരും ഇഷ്ടപ്പെടുന്നു. ദൈവാനുഗ്രഹവും അവർക്ക് ഉണ്ടാകും.

അസത്യം ഒരിക്കലും പറയരുത്. കള്ളം പറയുന്നവർ കൂടുതൽ കുഴപ്പങ്ങളിലേക്ക് ചെന്നു ചാടും. അവരുടെ മനസ്സമാധാനം നഷ്ടപ്പെടും. അവരെ മാതാപിതാക്കൾ പോലും വെറുത്തു പോകും.
സത്യമല്ലാതെ ഒന്നും പറയുകയില്ലെന്നു ഇപ്പോൾ പ്രതിഞ്ജയെടുക്കാം.

എപ്പോഴും ദൈവഭയമുള്ളവരായിരിക്കണം. എന്നും മുടക്കമില്ലാതെ പ്രാർത്ഥിക്കുന്നവരും ആരാധനയിലും അദ്ധ്യാത്മിക കാര്യങ്ങളിലും ശുഷ്കാന്തിയുള്ളവരുമായിരിക്കണം.

ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം സ്നേഹിക്കും. പുതുവർഷം നിങ്ങൾക്ക് ദൈവാനുഗ്രഹത്താൽ സന്തോഷപ്രദമായിത്തീരട്ടെയെന്നു പ്രാർത്ഥിക്കുന്നു:

സ്നേഹത്തോടെ ആനിചേച്ചി.

Regd. No R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

നുറുങ്ങുകൾ

## 1. അനന്തമായ യാത്ര

അയാൾ പറയുകയാണ്—
എനിക്കീ ലോകത്തിൽ ഒന്നും അന്യമല്ല.
അന്യമല്ലാത്തിടത്ത് എനിക്കാരും അന്യരല്ല.
സ്നേഹത്തിന്റെ ഭാഷ മാത്രമേ വശമുള്ളൂ
സ്നേഹിക്കുന്നിടത്ത് വിദ്വേഷത്തിനെന്താണർത്ഥം.
അർത്ഥശൂന്യമല്ല ജീവിതം.
ജീവിതമാകെ ജീവിക്കുകയല്ലേ കാമ്യം.
എനിക്കാരും അന്യരല്ല.
അന്യരില്ല, ശത്രുവില്ല.
എന്റെ ശത്രു ഞാൻ തന്നെ
ഞാനാരേയും വെറുക്കുന്നില്ല'
വെറുക്കുന്നെങ്കിൽ എന്നെ മാത്രം
എനിക്കാരെയും ഭയമില്ല
ഭയമുണ്ടെങ്കിൽ എന്നോടു മാത്രം
ജീവിതയാത്ര, കാലൊച്ചകൾ......
യാത്ര തുടരാം പഥികരെ ഈ വഴി
നമുക്കു മുമ്പേ പലരും കടന്നു പോയ
ഈ നൂൽപ്പാലത്തിലൂടെ-യാത്ര........
അനന്തമായ യാത്ര....
അയാൾ യാത്ര തുടർന്നു.

—ആല

## സണ്ടേസ്കൾ വാർഷികം

പുത്തൻകാവ് സെന്റ് ആൻഡ്രൂസ് സണ്ടേസ്കൂൾ വാർഷികം ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി വെരി. റവ. പി. ജി. ജോർജ് കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ റവ ഫാ. എ. എം. വറുഗീസ്, റവ. ഫാ. ജോൺ ദാനിയേൽ, ശ്രീമാന്മാരായ കെ. കെ. ഏബ്രഹാം, എം. എ. ജേക്കബ് എന്നിവർ പ്രസംഗിച്ചു ശ്രീ റ്റി. സി. ചാക്കോ തന്നാണ്ടത്തെ റിപ്പോർട്ടവതരിപ്പിച്ചു. ഹെഡ്മിസ്ട്രസ് ശ്രീമതി ഓമന ജോസഫ് സ്വാഗതവും ശ്രീ മാത്യൂസ് പി. വറുഗീസ് കൃതജ്ഞതയും പറഞ്ഞു.

Printed and published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr ·P. G. George